I.ഇ.ബി. XII കേരള നിയമസഭ/X-7

**പന്ത്രണ്ടാം  കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2009 ഫെബ്രുവരി 24, ചൊവ്വ</u>

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

XII -ാം കേരള നിയമസഭയുടെ V -ാം സമ്മേളനത്തിലെ **2-07-2007** -ലെ നക്ഷത്രചിഹ്നമിടാത്ത **1595**-ാം നമ്പർ ചോദ്യത്തിന്റെ (എ) പിരിവിലെ തിരുത്തിയ ഉത്തരം തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) മേശപ്പുറത്തുവച്ചു.

**അനുമോദനം**

<u>ഓസ്കാർ അവാർഡ് ലഭിച്ച എ. ആർ റഹ്മാനും റസൂൽ പൂക്കുട്ടിക്കും അനുമോദനം</u>

<u>മി. സ്പീക്കർ</u>: “സ്ലം ഡോഗ് മില്യണെയർ” എന്ന ചിത്രത്തിന്റെ പശ്ചാത്തല സംഗീതം, ഗാനം എന്നിവയുടെ മികച്ച സംഗീത സംവിധാനത്തിന് എ.ആർ. റഹ്മാനും ശബ്ദമിശ്രണത്തിന് കൊല്ലം ജില്ലയിലെ അഞ്ചൽ

സ്വദേശിയായ റസൂൽ പൂക്കുട്ടിക്കും ഓസ്കാർ അവാർഡുകൾ ലഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം സഭയെ അറിയിക്കുന്നു. ചെറുപ്പത്തിൽത്തന്നെ സംഗീത സംവിധാനം നിർവ്വഹിച്ച് തുടങ്ങിയ റഹ്മാൻ ഇന്ത്യൻ ചലച്ചിത്ര സംഗീതത്തിന് പുതിയ തരംഗം സൃഷ്ടിച്ച വ്യക്തിയാണ്. ചലച്ചിത്ര ലോകത്തെ പരമോന്നത ബഹുമതിയായ ഓസ്കാർ ലഭിച്ചതിലൂടെ രാജ്യത്തിന്റെ യശസ്സ് ഉയർന്നിരിക്കുന്നു. ഒരു സാധാരണകുടുംബത്തിൽ ജനിച്ച ശ്രീ. റസൂൽ പൂക്കുട്ടി പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സൗണ്ട് റെക്കോർഡിംഗിൽ ഉന്നത വിജയം കൈവരിച്ചശേഷം ഇന്ത്യയിലെ മികച്ച സംവിധായകരോടൊപ്പം പ്രവർത്തിച്ച് ശബ്ദമിശ്രണത്തിൽ പുതിയ മാനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ആദ്യമായാണ് ഒരു മലയാളിക്ക് സിനിമാരംഗത്തെ പരമോന്നത ബഹുമതിയായ ഓസ്കാർ ലഭിക്കുന്നത്. ഇവർ നേടിയ നേട്ടങ്ങൾ നമ്മുടെ രാജ്യത്തിന്റെ നേട്ടമാണ്. ഈ അവാർഡുകൾ മാതൃ രാജ്യത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ള ശ്രീ. എ.ആർ. റഹ്മാനും ശ്രീ. റസൂൽ പൂക്കുട്ടിക്കും ഈ സഭ അനുമോദനങ്ങൾ അർപ്പിക്കുന്നു.

**അടിയന്തിര പ്രമേയം**

<u>യൂത്ത് കോൺഗ്രസ്സ് പ്രവർത്തകന്റെ മരണം</u>

<u>മി. സ്പീക്കർ</u>: കൊല്ലം ജില്ലയിലെ ചവറയിൽ നവകേരള മാർച്ചിനോടനുബന്ധിച്ചുണ്ടായ നിസ്സാരമായ സംഭവത്തെത്തുടർന്ന് യൂത്ത് കോൺഗ്രസ്സ് ചവറ മണ്ഡലം സെക്രട്ടറി അനൂപ് കുമാർ മരണപ്പെടാനിടയായ സംഭവത്തെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. പി.സി. വിഷ്ണുനാഥ്, സി.ടി.അഹമ്മദ് അലി, സി.എഫ്. തോമസ്, കെ.ബി. ഗണേഷ് കുമാർ,

കെ.കെ.ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കൊല്ലം ജില്ലയിലെ ചവറയിൽ 20-2-2009-ന് രാത്രി 9 മണിയോടുകൂടി കോൺഗ്രസ്സ് പ്രവർത്തകനായ മാഹീൻ, സുഹൃത്തായ വിഷ്ണുവിനോട് നവകേരള മാർച്ചിന്റെ വിളംബരജാഥയിൽ പങ്കെടുത്ത തെന്തിനാണെന്ന് ചോദിച്ച് കളിയാക്കിയതിനെത്തുടർന്നുണ്ടായ സംഘട്ടന ത്തിൽ പരിക്കേറ്റ ശ്രീ. സനോജിന്റെ പരാതി പ്രകാരം ചവറ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ തലയ്ക്ക് അടിയേറ്റ് തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിൽസയിലായിരുന്ന അനൂപ് 22-02-09 -ന് വൈകിട്ട് 4.30-ന് മരണപ്പെട്ടതിനെത്തുടർന്ന് കൊലപാതകത്തി നുള്ള വകുപ്പുകൂടി ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് ചവറ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. കേസ്സിലെ പ്രതികളെ 23-02-2009-ന് അറസ്റ്റ് ചെയ്ത് നിയമനടപടി കൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് ആവശ്യ.മായ ജാഗ്രതാ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണ്. മറ്റ് സംഭവങ്ങ ളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

ശ്രീ. പി.സി. വിഷ്ണുനാഥ്: ചവറ പട്ടത്താനം ജംഗ്ഷനിൽ ഫെബ്രുവരി 20-ന് നടന്ന നവകേരളയാത്രയുടെ വിളംബരജാഥയിൽ പങ്കെടുത്ത വിഷ്ണുവിനെ സുഹൃത്ത് മാഹീൻ കളിയാക്കിയതിനെത്തുടർന്ന് സി.പി.ഐ.(എം) നേതാക്കളോടൊപ്പം ചില ക്രിമിനലുകൾ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ ക്രൂരമായി മർദ്ദിക്കുകയും ഗുരുതരമായി പരിക്കേറ്റ കൊല്ലം ജില്ലയിലെ യൂത്ത് കോൺഗ്രസ്സ് ചവറ മണ്ഡലം

സെക്രട്ടറി അനൂപ്കുമാർ മരണമടയുകയും ചെയ്തു. അനൂപ്കുമാറിന്റെ പേരിൽ ഒരു പെറ്റി കേസ്സുപോലും നിലവിലില്ല. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ കോലം കത്തിക്കുകയോ അദ്ദേഹത്തിനെതിരായി സംസാരിക്കുകയോ ചെയ്യുന്നവരെ രാഷ്ട്രീയമായി നേരിടുമെന്ന് നേരത്തേ മന്ത്രിമാർ മുന്നറിയിപ്പ് തന്നിരുന്നതാണ്. കെ.പി.സി.സി. പ്രസിഡന്റ് നയിക്കുന്ന കേരള രക്ഷാമാർച്ചിന്റെ മുഴുവൻ പ്രചരണബോർഡുകളും കോൺഗ്രസ്സ് പ്രവർത്തകർ സഞ്ചരിച്ച വാനടക്കം തീയിട്ടുനശിപ്പിക്കാനുള്ള ശ്രമമുണ്ടായി. ക്രിമിനൽ സംഘങ്ങളെ പിടിക്കാൻ ആദ്യം പോലീസ് തയ്യാറായില്ല. അനൂപ് കൊല്ലപ്പെട്ടതിനുശേഷം നാട്ടുകാരുടെ പ്രതിഷേധത്തെത്തുടർന്ന് പോലീസ് അഡ്ജസ്റ്റ്മെന്റ് അറസ്റ്റ് നടത്തുകയാണ് ഉണ്ടായത്. അനൂപിന്റെ ശവസംസ്ക്കാര ചടങ്ങുകൾ നടന്നുകൊണ്ടിരുന്നപ്പോൾ മുൻ മന്ത്രിയും കൊല്ലം ജില്ലാ കോൺഗ്രസ്സ് പ്രസിഡന്റുമായ ശ്രീ. കടവൂർ ശിവദാസന്റേയും യൂത്ത് കോൺഗ്രസ്സ് സംസ്ഥാന സെക്രട്ടറിയുടേയും കോർപ്പറേഷൻ കൗൺസിലറുടേയും വീടുകൾ ആക്രമിക്കപ്പെട്ടു. സി.പി.ഐ.(എം) മാത്രം ജാഥകളും പ്രസംഗങ്ങളും നടത്തിയാൽ മതിയെന്നത് ഫാസിസമാണ്. ഇതിനോട് യോജിക്കാൻ നിർവ്വാഹമില്ല. സഭാ നടപടികൾ നിറുത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഇത് രാഷ്ട്രീയപ്രേരിതമായ സംഭവമല്ല. ഇക്കാര്യത്തിൽ സി.പി.ഐ.(എം)-ന് യാതൊരു ബന്ധവുമില്ലെന്ന് ജില്ലാകമ്മിറ്റിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട പ്രതികൾക്ക് പോലീസ് യാതൊരു സംരക്ഷണവും കൊടുത്തിട്ടില്ല. പ്രതികൾക്കെതിരെ കർശന നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് വിവിധ രാഷ്ട്രീയ

പാർട്ടിയിലുള്ളവർ മാർച്ചുകളും പ്രസംഗങ്ങളും നടത്താറുണ്ടെങ്കിലും ഒരു പ്രശ്നവും ഉണ്ടാകാറില്ല. കോൺഗ്രസ്സിന്റെ കേരള രക്ഷ മാർച്ച് ആരംഭിച്ച തിനുശേഷം ബന്തടുക്ക പോലീസ് സ്റ്റേഷനതിർത്തിയിൽ അക്രമമുണ്ടായി. അനൂപിന്റെ വിലാപയാത്രയിൽ അക്രമങ്ങൾ അഴിച്ചുവിട്ടു. തിരുവില്വാമല യിലും, ചവറയിലും, ചാത്തന്നൂരിലും കെ.എസ്.ആർ.ടി.സി. ബസ്സുകളും കാറുകളും അടിച്ചുതകർത്തു. ഇത്തരം സംഭവങ്ങൾ അപലപനീയമാണ്. അക്രമം ആരുടെ ഭാഗത്തുനിന്നായാലും അതിനെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കും. ഈ പ്രശ്നത്തിൽ പോലീസിന് ചെയ്യാൻ കഴിയുന്ന തിന്റെ പരമാവധി ചെയ്തിട്ടുണ്ട്. കോൺഗ്രസ്സ് പ്രവർത്തകരേയുംകൂടി സഹകരിപ്പിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. ഉമ്മൻ ചാണ്ടി, കെ.എം.മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

<u>ശ്രീ. കെ. പി. മോഹനൻ:</u> സംസ്ഥാനത്തെ കുളങ്ങൾ, പുഴകൾ, ആയിരത്തിലധികം വരുന്ന ലഘുനീർത്തടാകങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ വറ്റിവരളുകയാണ്. ഭൂഗർഭ വകുപ്പിന്റെ സമീപകാലത്തെ പഠനമനുസരിച്ച് സംസ്ഥാനത്തെ 50 ശതമാനം കുളങ്ങളും കിണറുകളും 2010-ഓടെ വറ്റിവരളും. ഇത് തടയുന്നതിനായി തോടുകളുടെയും നദികളുടെയും കരകൾ സംരക്ഷിക്കണം. മണ്ണുനീക്കി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ട് പ്രയോജനപ്പെടുത്തണം. നദികളുടെയും കുളങ്ങളുടെയും സംരക്ഷണത്തിന് ബൃഹത് പദ്ധതികൾ ആവിഷ്ക്കരിക്കണം. വയലുകളുമായി ബന്ധപ്പെട്ട തോടുകൾ സംരക്ഷിക്കണം. പരസ്പരപൂരകങ്ങളായി കൃഷിയും ജലസേചനവും പ്രവർത്തിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആരംഭിക്കുകയും ഇതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിന് കേന്ദ്രത്തിൽ നിന്നുള്ള സഹായം ലഭ്യമാക്കുകയും വേണം. പുഴകളുടെ നീരൊഴുക്ക് ക്രമപ്പെടുത്തുന്നതിന് സ്വാഭാവിക തടയണകൾ പുന: സ്ഥാപിക്കണം. പഴശ്ശി ജലസേചനപദ്ധതി മാറ്റി അറ്റകുറ്റപ്പണികൾ നടത്തി കുടിവെള്ളത്തിനും നെൽകൃഷിക്കും വേണ്ട ജലലഭ്യതയ്ക്ക് നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> ഭൂഗർഭ ജലസ്രോതസ്സുകളെ സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നദികളിലും അതിന്റെ കൈവഴികളിലും ചെക്ക് ഡാമുകളും തടയണകളും വി.സി.ബി-കളും നിർമ്മിച്ച് ജലം കെട്ടിനിർത്തുന്നതിനും ഭൂഗർഭ ജലത്തിൽ

വർദ്ധനവുണ്ടാക്കുന്നതിനും വേണ്ട പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. അതുപോലെ നദികൾ, തോടുകൾ എന്നിവയെക്കുറിച്ച് സമഗ്രമായ പഠനം നടത്തി അവയുടെ തീരങ്ങളുടെ സംരക്ഷണത്തിനായി കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും അംഗീകൃത പദ്ധതികളിൽ ഉൾപ്പെടുത്തി ഒരു സമഗ്ര നദീതീര സംരക്ഷണ പദ്ധതിക്ക് രൂപം നൽകുന്നതിനെക്കുറിച്ച് പരിശോധിച്ചു വരികയാണ്. കേന്ദ്ര സംസ്ഥാന ഫണ്ടുപയോഗിച്ച് ഇത്തരത്തിലുള്ള സമഗ്രമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പാക്കാനാണ് സർക്കാർ ആലോചിക്കുന്നത്. റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ റിവർ മാനേജ്മെന്റ് ഫണ്ട് നദി സംരക്ഷണവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നുണ്ട്. റവന്യൂ വകുപ്പും ഇറിഗേഷൻ വകുപ്പും സംയുക്തമായി പരിശോധന നടത്തിക്കൊണ്ട് ബന്ധപ്പെട്ട നിർദ്ദേശങ്ങളും രേഖകളും റവന്യു വകുപ്പിന് കൈമാറിക്കൊണ്ട് നദീതീരങ്ങളുമായി ബന്ധപ്പെട്ട കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികൾ നടത്തിവരുകയാണ്. ജലസ്രോതസ്സുകളുടെയും ജലാശയങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് ഭേദഗതി ചെയ്യാനുള്ള കരട് ബിൽ തയ്യാറായിക്കഴിഞ്ഞു. ഈ വിഷയത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി മെക്കാനിസം ആവശ്യമാണെന്ന് സംസ്ഥാന ജലനയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിയമം അമെന്റ് ചെയ്തുകൊണ്ട് ലാന്റ് കൺസർവേഷൻ അതോറിറ്റിയും, റിവർ ബേസിൻ അതോറിറ്റിയും രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിയമ വകുപ്പിന്റെ പരിഗണനയിലുള്ളത് വെറ്റുചെയ്തു കിട്ടിയാൽ നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കാം. ജലസ്രോതസ്സുകളുടെയും

ജല വിഭവത്തിന്റെയും സംരക്ഷണത്തിനായി വാട്ടർ റിസോഴ്സ് മാപ്പിങ്ങ് (ജലവിഭവ ഭൂപടം) തയ്യാറാക്കുന്നതിന് ശാസ്ത്ര സാങ്കേതിക വകുപ്പ് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പഴശ്ശി ജലസേചന പദ്ധതിയുടെ റീവാമ്പിംഗ് പ്രോസസ് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കനാൽ, ഡാം, ഷട്ടർ എന്നിവയുടെ അറ്റകുറ്റപ്പണി സംബന്ധിച്ച് ധനകാര്യ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജില്ലയിലെ ബന്ധപ്പെട്ട എം.എൽ.എ.മാരുടെ യോഗം വിളിച്ചുചേർത്ത് ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>അംഗീകാരമില്ലാത്ത സ്കൂളുകൾ</u>

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് നടപടി സ്വീകരിക്കണം. 2646 അംഗീകാരമില്ലാത്ത സ്കൂളുകളിലായി 3,12,443 വിദ്യാർത്ഥികൾ പഠിക്കുന്നതായാണ് 2005-06 സർവ്വേ വ്യക്തമാക്കുന്നത്. സ്വകാര്യ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അഞ്ചാം ക്ലാസ്സിനു ശേഷം പഠിക്കാനുള്ള അവസരം നൽകുന്നതിനും സി.ബി.എസ്.ഇ. അഫിലിയേഷനുവേണ്ടി സ്കൂളുകൾ സമർപ്പിച്ചിട്ടുള്ള കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനും നടപടി സ്വീകരിക്കണം. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെയും അവിടെ പഠിക്കുന്ന വിദ്യാർത്ഥികളുടെയും കൃത്യമായ കണക്ക് അടുത്ത അദ്ധ്യയന വർഷത്തിനു മുമ്പ് പ്രസിദ്ധീകരിക്കണം. അർഹതയുള്ള സ്ക്കൂളുകൾക്ക് സി.ബി.എസ്.ഇ. അഫിലിയേഷൻ നൽകണം. അനധികൃത വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റ് വിദ്യാലയങ്ങളിലേയ്ക്ക് മാറാൻ അവസരമൊരുക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതായിരുന്നു 1958-ലെ കേരള വിദ്യാഭ്യാസ ചട്ടം. ആ നിയമത്തിൽ അഞ്ചാം സ്റ്റാൻഡേർഡ് വരെ പ്രൈവറ്റ് പഠനത്തിന് വ്യവസ്ഥ ചെയ്തിരുന്നു. പൊതു വിദ്യാഭ്യാസത്തിനുവേണ്ടി ഈ സർക്കാർ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. അംഗീകാരമില്ലാത്ത സ്ക്കൂളുകൾ കോടതി നിരോധിച്ചിട്ടുണ്ട്. അംഗീകാരമില്ലാത്ത വിദ്യാലയങ്ങളിൽ പഠിക്കുന്നവർക്ക് അവസരം നൽകുന്നതിനുവേണ്ടി 2006, 2007, 2008 എന്നീ വർഷങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി അംഗീകരിച്ചു. സർക്കാർ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ടുള്ള കേസ് നടന്നുവരികയാണ്. അംഗീകാരമില്ലാത്ത സ്ക്കൂളുകളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റ് സ്ക്കൂളുകളിൽ പഠിക്കുന്നതിന് സൗകര്യം കൊടുക്കാൻ കഴിയുമോ എന്നത് ഹൈക്കോടിയുടെ അഭിപ്രായം തേടിയതിനുശേഷം തീരുമാനിക്കുന്നതാണ്.

**സബ്മിഷൻ**

(1) സംവരണതത്വം സംബന്ധിച്ച അവ്യക്തത

ശ്രീ. ടി.എൻ. പ്രതാപൻ: കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങളിലെ 14 (എ) യുടെ വ്യാഖ്യാനം സംബന്ധിച്ച് ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ പി.എസ്.സി നിയമനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. സുപ്രീംകോടതിയിൽ ഈ കേസ് പരിഗണന

യ്ക്ക് വന്നപ്പോൾ ഗവൺമെന്റ് അഭിഭാഷകൻ കേസ് നീട്ടി വയ്ക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് മാർച്ച് 5-ാം തീയതിയിലേയ്ക്ക് വച്ചിരിക്കുകയാണ്. ഇതുമൂലം 2008 ഡിസംബറിനും 2009 മാർച്ചിനുമിടയിൽ ഏകദേശം ഇരുപതി നായിരം പേരുടെ നിയമനം തടഞ്ഞ് വച്ചിരിക്കുകയാണ്. സംവരണതത്വം സംബന്ധിച്ച അവ്യക്തത പരിഹരിച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ അർഹത നേടിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ആയുർവേദ മെഡിക്കൽ ആഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി 23.5.08-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം ഓരോ സമയത്തും റിപ്പോർട്ട് ചെയ്തിട്ടുള്ള മൊത്തം ഒഴിവുകൾ 20-ൽ കൂടുതലാണെങ്കിൽ അവയെ ഒറ്റ യൂണിറ്റാക്കി കണക്കാക്കി നിയമന ശുപാർശ നൽകണമെന്ന് പി.എസ്.സി.ക്ക് നിർദ്ദേശം നൽകി. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് ആക്റ്റിലെ നിലവിലുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്ന് കോടതി നിഷ്കർഷിച്ചിട്ടില്ല. ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 19.11.08-ൽ മന്ത്രിമാർ, ചീഫ് സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥർ, പി.എസ്.സി. ചെയർമാൻ, അംഗങ്ങൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയുണ്ടായി. നിയമന കാര്യത്തിൽ പി.എസ്.സി. തുടർന്നു പോരുന്ന നടപടിക്രമങ്ങൾ മാറുമ്പോൾ സംവരണ/സംവരണേതര സമുദായങ്ങളെയും മെറിറ്റ് വിഭാഗങ്ങളെയും ബാധിക്കുന്നത് സംബന്ധിച്ച് പരിശോധയ്ക്ക് വിധേയമാക്കേണ്ടതാണ് എന്നാണ് ആ യോഗത്തിലെടുത്ത തീരുമാനം. സർക്കാരിന്റെ തീരുമാനമറിയിക്കുന്നതിനുമുമ്പുതന്നെ ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീലിനു പോകാൻ

പി.എസ്.സി. തീരുമാനിച്ചു. സംവരണം സംബന്ധിച്ച് സർക്കാർ നിലപാട് സുപ്രീംകോടതിയെ അറിയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അർഹതയുള്ള വർക്ക് സംവരണം ലഭിക്കുന്നതിന് ഹൈക്കോടതി വിധി സഹായകമാകുമെങ്കിൽ അത് സ്വീകരിക്കുന്നതാണ്. സുപ്രീംകോടതിയിലെ കേസിൽ എത്രയും വേഗം തീരുമാനം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) ശുദ്ധജലക്ഷാമം

ശ്രീ. സി.എം. ദിനേശ് മണി: ഹഡ്കോ പദ്ധതി കമ്മീഷൻ ചെയ്തതിന്റെ ഫലമായി കൊച്ചി മേഖലയിലെ കുടിവെള്ള ലഭ്യത വർദ്ധിച്ചിട്ടുണ്ടെങ്കിലും പള്ളുരുത്തി മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ രൂക്ഷമായിരിക്കുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : ഹഡ്കോ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം പള്ളൂരുത്തി മേഖലയിലും പടിഞ്ഞാറൻ കൊച്ചി മേഖലയിലും ലഭിക്കാത്തതിനാൽ സുനാമി ദുരിതാശ്വാസ പദ്ധതിപ്രകാരം 4.97 കോടി രൂപയുടെ വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ പണി 2009 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലുവയിൽ നിന്നും എറണാകുളത്തേയ്ക്കു വരുന്ന 2200 എം.എം. പമ്പിങ്ങ് കാരണക്കോടത്തു നിന്നും എളംകുളം സബ്-ലേയ്ക്ക് ഏതാണ്ട് 930 മീറ്റർ ഉൾപ്പെടുത്തി പണി മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കാമെന്നു പ്രതീക്ഷിക്കുന്നു. ചെല്ലാനം മേഖലയിൽ എൻ.സി.പി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് അംഗീകാരം നൽകിയ 5 കോടി 73 ലക്ഷം രൂപയുടെ കേന്ദ്രാവിഷ്ക്കൃത പദ്ധതി 2010 മാർച്ച് 10-നകം പൂർത്തിയാ

കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതെല്ലാം പൂർത്തിയാകുമ്പോൾ പള്ളൂരുത്തി മേഖലയിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകും.

## (3) പറമ്പിക്കുളം ആളിയാർ നദീജല കരാർ

ശ്രീ. കെ. അച്ചുതൻ : പറമ്പിക്കുളം ആളിയാർ നദീജല കരാർ അനുസരിച്ചുള്ള വെള്ളം കൃത്യമായി ലഭിക്കാത്തതുമൂലം പൊൽപുള്ളി, എലപ്പുള്ളി എന്നീ പ്രദേശങ്ങളിലെ എണ്ണായിരത്തിലധികം നെൽകൃഷി ഉൾപ്പെടെ ഇരുപത്തിരണ്ടായിരത്തിലധികം ഏക്കർ സ്ഥലത്തെ കൃഷി നശിച്ചുപോകുകയാണ്. മെയ് മാസം വരെ കിട്ടാനുള്ള വെള്ളം അഡ്വാൻസായി മാർച്ച് മാസത്തിൽ ലഭ്യമാക്കി ചിറ്റൂർപുഴ പദ്ധതിയിലുൾപ്പെട്ട പ്രദേശത്തെ കൃഷി നശിച്ചുപോകാതിരിക്കാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പലക്കാട് കാർഷിക മേഖലയിൽ ഗുരുതരമായ പ്രതിസന്ധിയാണ് സംജാതമായിരിക്കുന്നത്. പി.എ.പി. കരാർ അനുസരിച്ച് കേരളത്തിൽ മൂലത്തറ വഴി ലഭിക്കേണ്ടത് 7.25 ടി.എം.സി. ജലമാണ്. ജെ.ഡബ്ളിയു.ആർ.ബി. യോഗങ്ങളിലും പ്രോജക്റ്റ് അഡ്വൈസറി കമ്മിറ്റി മീറ്റിംഗിലും തമിഴ്നാടുമായുള്ള ചർച്ചയിലും ഉന്നയിക്കപ്പെട്ട പ്രധാന വിഷയമാണ് ഇത്. കരാർ അനുസരിച്ചുള്ള വെള്ളം കൊണ്ടുമാത്രം കാർഷിക പ്രതിസന്ധി പരിഹരിക്കാൻ കഴിയില്ല എന്നതിനാൽ അധികജലം കേരളത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനുവേണ്ടി തമിഴ്നാട് സർക്കാരുമായി കത്തിടപാട് നടത്തിയിട്ടുണ്ട്. അപ്പർ ആളിയാറിൽ നിന്നോ കാടമ്പാറ റിസർവോയറിൽ നിന്നോ വെള്ളം വിട്ടുതന്നാൽ മാത്രമേ ചിറ്റൂർ മേഖലയിലെ കൃഷി നശിച്ചുപോകാതിരിക്കുകയുള്ളൂ. ഈ മാസം 27-ന് ചെന്നൈയിൽ വച്ച് പി.എ.പി.

സംബന്ധിച്ച് ചീഫ് സെക്രട്ടറിതല റിവ്യൂ മീറ്റിംഗ് നടക്കുന്നുണ്ട്. ഇന്ന് മുഖ്യ മന്ത്രി വിളിച്ചു കൂട്ടുന്ന സർവ്വകക്ഷി യോഗത്തിൽ ഇതു സംബന്ധിച്ച് ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) ബോട്ട് സർവ്വീസ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കൊച്ചിയിൽ ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ് മുടങ്ങുന്നത് സാധാരണക്കാരെ ദുരിതത്തി ലാഴ്ത്തിയിരിക്കുകയാണ്. എറണാകുളത്തുനിന്ന് വില്ലിംഗ്ടൺ ഐലന്റ് വഴിയും വൈപ്പിൻ വഴിയും ഫോർട്ട് കൊച്ചിയിലേയ്ക്കും മട്ടാഞ്ചേരിയിലേ യ്ക്കുമുള്ള ജലഗതാഗത വകുപ്പിന്റെ ട്രിപ്പുകൾ യാതൊരു മുന്നറിയിപ്പുമി ല്ലാതെ മുടങ്ങിക്കൊണ്ടിരിക്കുകയാണ്. അടിയന്തിരമായി ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ചുചേർത്ത് ഈ പ്രശ്നത്തിന് പരിഹാരം കാണണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : എറണാകുളം സ്റ്റേഷനിൽ 8 ബോട്ടുകൾ സർവ്വീസ് നടത്തുന്ന തിൽ 4 ബോട്ടുകളും ഫോർട്ട്കൊച്ചി-മട്ടാഞ്ചേരി റൂട്ടുകളുമായി ബന്ധപ്പെടു ത്തിയാണ്. നൂറിലധികം കപ്പാസിറ്റിയുള്ള ബോട്ടുകളുടെ 47 ട്രിപ്പുകൾ കൊച്ചിയിലേയ്ക്കും 25 ട്രിപ്പുകൾ മട്ടാഞ്ചേരിയിലേയ്ക്കും സർവ്വീസ് നടത്തു ന്നുണ്ട്. പുതിയ ബോട്ടുകൾ വാങ്ങാൻ കഴിഞ്ഞതിനാൽ മട്ടാഞ്ചേരി-ഫോർട്ട് കൊച്ചി-എറണാകുളം സർവ്വീസുകൾ സ്ഥിരമായി മുടങ്ങുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. എറണാകുളം-വില്ലിംഗ്ടൺ ഐലന്റ്-വൈപ്പിൻ സർവ്വീസ് നടത്തുന്ന രണ്ട് ബോട്ടുകളും കഴിഞ്ഞ ഏതാനും മാസങ്ങളായി കൃത്യമായി സർവ്വീസ് നടത്തുന്നുണ്ട്. എറണാകുളം-വില്ലിംഗ്ടൺ ഐലന്റ്-ഫോർട്ട് കൊച്ചി-വൈപ്പിൻ സർക്കുലർ സർവ്വീസ് ബോട്ടുകളുടെ ലഭ്യതയനു

സരിച്ച് പുന:സ്ഥാപിക്കുന്നതാണ്. തേവര യാർഡിന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ എറണാകുളം മേഖലയിലെ സർവ്വീസ് മുടങ്ങുന്നത് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മട്ടാഞ്ചേരി ജെട്ടിക്ക് സമീപം വെള്ളം കുറവായ തിനാൽ ഡ്രെഡ്ജിംഗ് നടത്തിയശേഷം രാത്രി 9.10-ന് എറണാകുളത്തുനിന്നും ഫോർട്ട് കൊച്ചിയിലേയ്ക്കുള്ള സർവ്വീസ് മട്ടാഞ്ചേരിവരെ ദീർഘിപ്പി ക്കുന്നതിനെക്കുറിച്ചും മത്സ്യഫെഡ് ജെട്ടിയിൽ ഷെഡ്യൂൾ പുന:ക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനെക്കുറിച്ചും പരിഗണിക്കുന്നതാണ്. ആവശ്യമായ ജീവനക്കാരെ വിന്യസിച്ച് മട്ടാഞ്ചേരിയിലും വില്ലിംഗ്ടൺ ഐലന്റിലും ടിക്കറ്റ് കൗണ്ടർ ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതുമാണ്.

(5) <u>ട്രെയിൻ യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. ജോസ് തെറ്റയിൽ</u> : വേണാട് എക്സ്പ്രസ്സിന്റെ എറണാകുളം സൗത്തിലെ സ്റ്റോപ്പ് നിറുത്തലാക്കിയതുകാരണം സീസൺ ടിക്കറ്റെടുത്ത യാത്രക്കാർ ഉൾപ്പെടെ ബുദ്ധിമുട്ടുകയാണ്. നഗരത്തിലെ ഗതാഗതക്കുരുക്ക് കാരണം ഉദ്യോഗസ്ഥരായ യാത്രക്കാർക്ക് യഥാസമയത്ത് ഓഫീസിലെത്താൻ കഴിയുന്നില്ല. സൗത്തിൽ റിപ്പെയർ വർക്ക് നടക്കുന്നു എന്ന പേരിലാണ് ഈ ട്രെയിനിന്റെ സ്റ്റോപ്പ് നോർത്തിലേയ്ക്ക് മാറ്റിയത്. ജനങ്ങൾക്ക് അനുഭവപ്പെ ടുന്ന ഈ ബുദ്ധിമുട്ട് റെയിൽവേയുടെ സത്വരശ്രദ്ധയിൽപ്പെടുത്തി പരിഹരി ക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : വേണാട് എക്സ്പ്രസ്സിന്റെ എറണാകുളം സൗത്ത് റെയിൽവേസ്റ്റേഷനിലെ സ്റ്റോപ്പ് നിറുത്തലാക്കിയതുമൂലം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം റെയിൽവേയുടെ ഉന്നത

ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തപ്പോൾ ഇതൊരു താൽക്കാലിക സംവിധാന മാണെന്നാണ് പറഞ്ഞത്. എറണാകുളം-കോട്ടയം പാത ഇരട്ടിപ്പിക്കൽ ജോലികൾ സമയബന്ധിതമായി ചെയ്തുതീർക്കാൻ ചില സർവ്വീസുകൾ നിറുത്തിവയ്ക്കുകയോ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുന്നത് അനിവാര്യമാണെന്നും എറണാകുളം സൗത്ത് റെയിൽവേസ്റ്റേഷ നിൽ പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന പ്ലാറ്റ്ഫോമിന്റെ പണി പൂർത്തി യാക്കുന്നതിന് ചില നിയന്ത്രണങ്ങൾ ആവശ്യമാണെന്നും റെയിൽവേ അറിയി ച്ചിട്ടുണ്ട്. നിർമ്മാണജോലികൾ പൂർത്തിയായാലുടൻ പഴയ സ്ഥിതി പുനഃസ്ഥാപിക്കുമെന്ന് റെയിൽവേ സർക്കാരിന് ഉറപ്പ് നൽകിയിട്ടുണ്ട്.

(6) <u>സിനിമാ തിയേറ്ററുകളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾ</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : 25 വർഷങ്ങൾക്കുമുമ്പ് 1400-ഓളം സിനിമാ തിയേറ്ററുകളുണ്ടായിരുന്നത് ഇപ്പോൾ 1200-ലെത്തുകയും അതിൽ 500 എണ്ണം പൂർണ്ണമായും പൊളിച്ചുമാറ്റുകയും ചെയ്തിരിക്കുകയുമാണ്. ഇത് തടയാനായി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമ്പോൾ തിയേറ്ററുകൾ പൊളിച്ചുമാറ്റി പുനർനിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സാ യാലും ഹോട്ടലുകളായാലും മറ്റ് കെട്ടിടങ്ങളായാലും അതിനുള്ളിൽ 200 പേർക്ക് ഇരിക്കാൻ സൗകര്യമുള്ള ഒരു ചെറിയ തിയേറ്റർ സംവിധാനംകൂടി ഉണ്ടാക്കേണ്ടതാണെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)</u> : സിനിമാ തിയേറ്ററുകൾ പ്രവർത്തിപ്പിക്കാനുള്ള തടസ്സത്തിന് ധാരാളം ഘടകങ്ങളുണ്ട്. ഫ്ളാറ്റുകളുടെയും കെട്ടിടസമുച്ചയങ്ങളുടെയും നിർമ്മാണ വുമായി ബന്ധപ്പെട്ട് സിനിമാശാലകൾ പൊളിച്ചുമാറ്റുമ്പോൾ ഉൾപ്പെടു

ത്തേണ്ട വ്യവസ്ഥകളെ സംബന്ധിച്ച് പ്രായോഗികവും നിയമപരവുമായ വശങ്ങൾ പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(7) ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ്

ശ്രീ. പി. തിലോത്തമൻ : ആറ് വർഷമായി അടച്ചുപൂട്ടിയിരിക്കുന്ന കേരള സ്പിന്നേഴ്സിലെ തൊഴിൽരഹിതരായ തൊഴിലാളികളുടെ പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ യാതൊരു ആനുകൂല്യവും നൽകിയിട്ടില്ല. 5 വർഷത്തിനുമുമ്പ് അടച്ചുപൂട്ടിയ ടെക്സ്റ്റെയിൽ മില്ലിലെ തൊഴിലാളികൾക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ധനസഹായം ഈ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ടെങ്കിലും അത് തൊഴിലാളികൾക്ക് കിട്ടാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. സർക്കാരിന് ഷെയറുള്ള ഈ മില്ലിലെ തൊഴിലാളികളുടെ ആനുകൂല്യം വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : 2003-ൽ പൂട്ടിയ കേരള സ്പിന്നേഴ്സ് ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ശേഷം തുറന്നുപ്രവർത്തിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വിവിധ കോൺഫറൻസുകൾ വ്യവസായ-ധനകാര്യ വകുപ്പുമന്ത്രിമാരുമായി നടത്തിയെങ്കിലും മിൽ ഇനിയും പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ല. കേന്ദ്ര ഗവൺമെന്റിന്റെ റീഹാബിലിറ്റേഷൻ സ്കീമനുസരിച്ച് ധനസഹായം അനുവദിച്ചുവെങ്കിലും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് ഫാക്ടറി ലോക്കൗട്ട് ചെയ്തശേഷമേ തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാൻ സാധിക്കുകയുള്ളൂ; അതിനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഇത് കൺസിലിയേഷൻ കോൺഫറൻസുകൊണ്ടുമാത്രം തീരുമാനമെടുക്കാൻ കഴിയുന്ന വിഷയവുമല്ല. കഴിഞ്ഞദിവസം ലഭിച്ച മെമ്മോറാണ്ട

ത്തിന്റെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണറോട് റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിയശേഷം നടപടിക്രമം പൂർത്തിയാക്കി റീഹാബിലിറ്റേഷൻ സ്കീമനുസരിച്ചുള്ള ആനുകൂല്യം ലഭ്യമാക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(8) ചീപ്പുങ്കൽ-മണിയാപറമ്പ്-മെഡിക്കൽ കോളേജ് റോഡ്

ശ്രീ. തോമസ് ചാഴികാടൻ : ഏറ്റുമാനൂരിലെ ചീപ്പുങ്കൽ-മണിയാപറമ്പ്-മെഡിക്കൽ കോളേജ് റോഡിന്റെ നിർമ്മാണത്തിന് നബാർഡ് 2006 ജൂണിൽ അഞ്ച്കോടി തൊണ്ണൂറ്റിനാല് ലക്ഷം രൂപയും അതേ റോഡിൽത്തന്നെയുള്ള പാലത്തിന് രണ്ട് കോടി എഴുപത്തിയേഴ് ലക്ഷം രൂപയും അനുവദിച്ചിരുന്നു. പാലത്തിന്റെ നിർമ്മാണം പൂർത്തിയായിരിക്കുകയാണ്. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടറിന് അംഗീകാരം നൽകിയിട്ടില്ല. 33.5 ശതമാനം അധികരിച്ച റേറ്റാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നൽകിയത്. പ്രസ്തുത ടെണ്ടർ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ 2009-2010-ലെ നബാർഡ് ആർ. ഐ. ഡി. എഫ്. 15-ൽ ഉൾപ്പെടുത്തി പുതിയ പദ്ധതിയായി സമർപ്പിക്കണമെന്നുപറഞ്ഞ് തിരിച്ചയച്ചിരിക്കുകയാണ്. 10.50 കി. മീ. റോഡിന്റെ പണിയിൽ 5.50 കി. മീ. റോഡ് പണിയുകയും ബാക്കി പുതുക്കിപ്പണിയുകയുമാണ് ചെയ്യേണ്ടത്. അധികരിച്ച നിരക്കിനാവശ്യമായ തുക സംസ്ഥാന ഗവൺമെന്റ് അനുവദിച്ച് ഈ വർഷംതന്നെ റോഡിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : ചീപ്പുങ്കൽ-മണിയാപറമ്പ്-മെഡിക്കൽ കോളേജ് റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 12 സ്കീമിലുൾപ്പെടുത്തി ധനകാര്യ വകുപ്പ് ധനസഹായം നൽകിയിരുന്നതാണ്. അഞ്ചുകോടി തൊണ്ണൂറ്റി

നാല് ലക്ഷം രൂപയുടെ പ്രവൃത്തി 2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 622 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി വർക്ക് ടെണ്ടർ ചെയ്തതുമാണ്. ഏറ്റവും കുറഞ്ഞ റേറ്റിലുള്ള കരാറുകാരൻ 37 ശതമാനം അധികരിച്ച നിരക്കിലാണ് ടെണ്ടർ നൽകിയിരുന്നത്. കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത് തീരുമാനത്തിലെത്താൻ ഫേം പീര്യേഡിനുള്ളിൽ കഴിയാത്തതിനാലാണ് ഈ പ്രശ്നമുണ്ടായത്. 2007-ലെ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് പുതുക്കി റീടെണ്ടർ ചെയ്യുകയുണ്ടായി. കെ.എസ്.സി.സി. 33.3 ശതമാനം അധികരിച്ച നിരക്കിൽ ക്വോട്ട് ചെയ്ത ഈ ടെണ്ടർ, അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ യഥാസമയത്തിനുള്ളിൽ പണി ആരംഭിക്കാത്തതിനാൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 12-ൽ നിന്നും ഒഴിവാക്കി ആർ. ഐ. ഡി. എഫ്. 15-ൽ ഉൾക്കൊള്ളിക്കാൻ നിർദ്ദേശിക്കുകയാണ് ചെയ്തത്. നബാർഡിന്റെ നിലപാടനുസരിച്ച് അധികരിച്ച തുക നബാർഡ് തരുന്ന കീഴ്വഴക്കമില്ല. എന്നാൽ സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്നതിന് പ്രായോഗിക തടസ്സവുമുണ്ട്. സാധാരണഗതിയിൽ നബാർഡിന്റെ ഒരു സ്കീമിൽ വരാത്തത് അടുത്ത സ്കീമിലേയ്ക്ക് മാറ്റിവയ്ക്കുന്ന പൊതുനിലപാടാണ് സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ ഈ വിഷയം ഒന്നുകൂടി പരിശോധിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിലെ സാങ്കേതികപ്രശ്നങ്ങൾ പരിഹരിച്ച് റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) <u>കളമശ്ശേരി അപ്പോളോ ടയേഴ്സ്</u>

<u>ശ്രീ. എ. എം. യൂസഫ് :</u> കളമശ്ശേരി അപ്പോളോ ടയേഴ്സ് മൂന്ന് മാസമായി പൂട്ടിയിട്ടിരിക്കുന്നതുകൊണ്ട് വിവിധ തസ്തികകളിൽപ്പെട്ട 1500-ഓളം തൊഴിലാളികൾ ശമ്പളക്കുടിശ്ശികയും പി. എഫ്. ആനുകൂല്യവും ലഭിക്കാതെ

കഷ്ടപ്പെടുകയാണ്. അടിയന്തിരമായി തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : അപ്പോളോ ടയേഴ്സ് കഴിഞ്ഞ ഡിസംബർ 6-ന് രാത്രിയാണ് പൂട്ടിയത്. തൊഴിൽവകുപ്പുമന്ത്രിയും ലേബർ വകുപ്പ് ഉദ്യോഗസ്ഥരും നാല് കോൺഫറൻസുകൾ നടത്തിയെങ്കിലും തീരുമാനമായില്ല. ലേബർ കമ്മീഷണർ ഇന്ന് വിളിച്ചുചേർക്കുന്ന യോഗത്തിൽ ലോക്കൗട്ട് സാദ്ധ്യത സംബന്ധിച്ച് പരിശോധിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതുമാണ്.

(10) ചാലക്കുടി റെയിൽവേ അണ്ടർ ബ്രിഡ്ജിന് അപ്രോച്ച് റോഡ്

ശ്രീ. ബി. ഡി. ദേവസ്സി : ചാലക്കുടി റെയിൽവേ അണ്ടർബ്രിഡ്ജിന് അപ്രോച്ച് റോഡ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ചാലക്കുടി അണ്ടർ ബ്രിഡ്ജിന്റെ 216 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 4-12-2008-ൽ സതേൺ റെയിൽവെ അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പ് പാതകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ എസ്റ്റിമേറ്റ് 2007 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയിരുന്നതാണ്. 2008 ഏപ്രിൽ മുതൽ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രാബല്യത്തിൽ വന്നതിനാൽ 280 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവെ ചീഫ് എഞ്ചിനീയർക്ക് അനന്തര നടപടിക്കായി അയച്ചുകൊടുക്കുകയുണ്ടായി. അണ്ടർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിനുവേണ്ടി 220 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. എത്രയും പെട്ടെന്ന് ഭരണാനുമതി നൽകി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(11) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളാൻ നടപടി

ശ്രീ. യു. സി. രാമൻ: പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എടുത്തിട്ടുള്ള ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാത്തതിന്റെ പേരിൽ ഒട്ടുമുക്കാൽ ആളുകളും ഇപ്പോൾ ജപ്തി ഭീഷണിയിലാണ്. ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 25,000 രൂപ വരെയുള്ള ലോണുകൾ എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 25,000 രൂപയെന്നുള്ളത് മാറ്റി ഒരു ലക്ഷം രൂപ വരെയുള്ള ലോണുകൾ ഒഴിവാക്കി കൊടുക്കാനാവശ്യമായ നടപടിയുണ്ടാകണം. ഇതിനാവശ്യമായ തുക കോർപ്പസ് ഫണ്ടിൽനിന്നും കൊടുത്താൽ നിലവിൽ ഈ വകുപ്പ് നടത്തിക്കൊണ്ടുപോകുന്ന പ്രവർത്തനങ്ങളൊക്കെ നിലച്ചുപോകും. ഭവന നിർമ്മാണ വായ്പയെടുത്ത ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ മേൽ സ്വീകരിച്ച ജപ്തി നടപടികൾ പിൻവലിക്കണം. ഒരു ലക്ഷം രൂപ വരെയുള്ള മുഴുവൻ കടങ്ങളും എഴുതിത്തള്ളാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന ഭൂരിഭാഗംപേരും വായ്പ തിരിച്ചടയ്ക്കാനുള്ള ശേഷിയില്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടികളും മറ്റും നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഷിക വായ്പയെടുത്തിട്ടുള്ളവർക്ക് നിലവിൽ കാർഷിക കടാശ്വാസ പദ്ധതിയിൻകീഴിൽ ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും മറ്റ് വായ്പകൾ ഇതിന്റെ പരിധിയിൽ വരുന്നില്ല. ഇവരുടെ പ്രശ്നം അനുഭാവപൂർവ്വം പരിഗണിച്ച് ഇവരെ സഹായിക്കുന്നതിനായി ഒരു കടാശ്വാസ പദ്ധതിക്ക് സർക്കാർ രൂപം കൊടുക്കുമെന്ന്

ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ എന്നിവയിൽനിന്ന് വായ്പയെടുത്ത വരാണ് കടാശ്വാസ പദ്ധതിയുടെ പരിധിയിൽ വരിക. 31-03-2006-നകം തിരിച്ചടവ് കാലാവധി അവസാനിച്ച വായ്പകളുടെ പലിശ, പിഴപ്പലിശ എന്നിവ പൂർണ്ണമായും എഴുതിത്തള്ളുന്നതാണ് സ്കീം. കൂടാതെ മുതൽ സംഖ്യ 25,000 രൂപവരെ എഴുതിത്തള്ളും. 25,000 രൂപയ്ക്ക് മുകളിൽ ബാധ്യത യുള്ളവർക്ക് ശേഷിക്കുന്ന മുതൽതുക മാത്രം അടയ്ക്കുന്നവിധം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കും. കടാശ്വാസ പദ്ധതിയുടെ ഗുണഭോക്താ ക്കൾക്കെതിരെയുള്ള റിക്കവറി നടപടികൾ നിർത്തിവയ്ക്കും. ഇപ്പോൾ വീടിനുവേണ്ടി എടുത്തിട്ടുള്ള പണമുപയോഗിക്കുകയും ശേഷിക്കുന്ന പണം ഉപയോഗിക്കാതെ വീടിന്റെ പണി പൂർത്തീകരിക്കാത്ത ആളുകളുടെ പേരി ലുള്ള റവന്യൂ റിക്കവറി നടപടികൾ നിറുത്തിവയ്ക്കുന്നതിന് ഗവൺമെന്റ് നിർദ്ദേശം കൊടുക്കുന്നതാണ്. കോർപ്പസ് ഫണ്ടിൽനിന്ന് എടുക്കുന്നു എന്നുള്ളതുകൊണ്ട് യാതൊരു ബുദ്ധിമുട്ടുമില്ല.

## (12) സംസ്ഥാനത്തെ ഒ. ഡി. ആർ. റോഡുകൾ എം.ഡി.ആർ. ആക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. രാജു എബ്രഹാം: പി. ഡബ്ല്യു.ഡി. റിപ്പയർ ചെയ്തുകൊണ്ടിരുന്ന ഒ.ഡി.ആർ. റോഡുകൾ ഇന്ന് റിപ്പയറിംഗ് ഇല്ലാതെ തകർന്നുകിടക്കുകയാണ്. അതോടൊപ്പം നേരത്തെ ഏറ്റെടുത്ത എം.ഡി.ആർ. റോഡുകൾ.പഞ്ചായത്തിന് തിരിച്ചുകൊടുത്തിരിക്കുകയാണ്. അടിയന്തിരമായി ഒ.ഡി.ആർ. റോഡുകൾ എം.ഡി.ആർ ആക്കി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിനെത്തുടർന്ന് വിവിധ ഗ്രാമീണ റോഡുകളും പൊതു മരാമത്ത് വകുപ്പിന്റെ കീഴിലുണ്ടായിരുന്ന മറ്റ് ജില്ലാതല ഒ.ഡി.ആർ. റോഡുകളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലായി. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ പ്രധാനപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം ഉയരുകയും ഈ പ്രശ്നം നിയമസഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്രാധാന്യ മുള്ളതും ഗതാഗതത്തിരക്കേറിയതും ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്പെടുന്നതുമായ റോഡുകൾ ഉൾപ്പെടുത്തി 6,000 കിലോ മീറ്റർ വീതം രണ്ട് ഘട്ടങ്ങളിലായോ ഒന്നിച്ചോ 12,000 കിലോമീറ്ററിൽ കുറയാതെയുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് ഗവൺമെന്റിനോട് ശുപാർശ ചെയ്തു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന വികസന സമിതിയും ഈ വിഷയം ചർച്ച ചെയ്യുകയും പ്രധാനപ്പെട്ട റോഡുകൾ ഏറ്റെടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് സാങ്കേതികമായി വളരെ യേറെ പ്രയാസങ്ങൾ നേരിടുകയുണ്ടായി. ഇപ്രകാരമുള്ള റോഡുകൾക്ക് അലോട്ടുമെന്റ് ഇല്ലെന്നുള്ള പ്രശ്നമുണ്ട്. ഇതെല്ലാം നിലനിൽക്കുകയാണെ ങ്കിലും പ്രധാനപ്പെട്ട റോഡുകൾ തിരിച്ചെടുക്കുക എന്നുള്ളത് ഏറ്റവും അടിയന്തരിപ്രാധാന്യം നൽകേണ്ടതാണെന്ന് കണക്കിലെടുത്തുകൊണ്ട് ഡിസംബർ 31-നുമുമ്പ് ലിസ്റ്റിന് അന്തിമരൂപം നൽകുമെന്ന് കഴിഞ്ഞ നിയമ സഭാ സമ്മേളനത്തിൽ മറുപടി നൽകിയിരുന്നുവെങ്കിലും വിവിധ സാങ്കേതിക കാരണങ്ങളാൽ ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ

കഴിഞ്ഞിട്ടില്ല. ഈ അസംബ്ലി സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇപ്രകാരം പുതിയതായി ഏറ്റെടുക്കുന്ന റോഡുകളും പൊതുമരാമത്ത് വകുപ്പിന്റെ പക്കൽ നിലവിലുള്ള റോഡുകളും ഉൾപ്പെടുത്തി പുതുക്കിയ റോഡ് രജിസ്റ്റർ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്.

(13) <u>ബി. ആർ. ഡി. സി. യുടെ ആസ്ഥാനം പദ്ധതിപ്രദേശത്തേയ്ക്ക് മാറ്റിസ്ഥാപിക്കൽ</u>

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ:</u> അന്തർദ്ദേശീയ പ്രാധാന്യമുള്ള ബേക്കൽ ടൂറിസം സ്പോട്ടിന്റെ വികസനപ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കേണ്ടത് ബേക്കൽ റിസോർട്ട്സ് ഡെലപമെന്റ് കോർപ്പറേഷനാണ്. എന്നാൽ ഈ കോർപ്പറഷന്റെ ചെറിയ ഒരു സബ് ഓഫീസ് മാത്രമാണ് ഇപ്പോൾ പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്നത്. യഥാർത്ഥ ഓഫീസ് തിരുവനന്തപുരത്ത് തന്നെയാണ് ഇപ്പോഴും നിലകൊള്ളുന്നത്. റിസോർട്ട്സ് സൈറ്റുകളുടെ നിർമ്മാണ പ്രവർത്തനം, റോഡുകളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, ബൃഹത്തായ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇവയെല്ലാം പുരോഗമിക്കണമെങ്കിൽ ബി.ആർ.ഡി.സി.യുടെ ആസ്ഥാനം പദ്ധതി പ്രദേശത്തേയ്ക്ക് തന്നെ മാറ്റേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ബി.ആർ.ഡി.സി.യുടെ കൂടുതൽ സ്റ്റാഫും സൗകര്യങ്ങളുമെല്ലാം തിരുവനന്തപുരത്തുനിന്നും പദ്ധതി പ്രദേശത്തേയ്ക്ക് മാറ്റാനാവശ്യമായ അടിയന്തിര തീരുമാനം കൈക്കൊള്ളണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ബേക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് ബി.ആർ.ഡി.സി. വികസിപ്പിച്ചെടുത്ത ആറ് റിസോർട്ടുകളും ഇൻഡ്യയിലെ ആറ് ഉന്നത ഹോട്ടൽ ഗ്രൂപ്പുകൾക്ക് മുപ്പത് വർഷത്തേയ്ക്ക് പാട്ടത്തിന് കൈമാറിയിട്ടുണ്ട്. ഇതിൽ അഞ്ച് റിസോർട്ട് സൈറ്റുകൾക്കാവശ്യമായ റോഡിനുള്ള സ്ഥല മെടുപ്പ് ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ബേക്കലിൽ ഇനിയും നടപ്പിലാക്കാനുദ്ദേശിക്കുന്ന കൾച്ചറൽ സെന്റർ, സെക്യുലർ സ്കൂൾ പ്രോജക്ട് തുടങ്ങിയ പല പദ്ധതികളുടേയും പ്രവർത്തനം വിവിധ ഘട്ടങ്ങളി ലാണ്. ഇപ്പോൾ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ബി.ആർ.ഡി.സി.യുടെ ആസ്ഥാനം പാലക്കുന്നിൽ പ്രവർത്തിക്കുന്ന പദ്ധതി ഓഫീസിലേയ്ക്ക് മാറ്റു ന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബോർഡ് മീറ്റിംഗും ജനറൽ ബോഡി മീറ്റിംഗും നടത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു ലയ്സൺ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതായിരിക്കും.

(14) ആരാധനാലയങ്ങൾക്കു നേരെയുണ്ടായ ആക്രമണം

ശ്രീ. കെ.സി. വേണുഗോപാൽ: ആലപ്പുഴ ജില്ലയിലെ കോൺവെന്റ് സ്ക്വയർ, ചുങ്കം,. വടശ്ശേരി, തത്തംപള്ളി, ആലിശ്ശേരി എന്നീ സ്ഥലങ്ങളിൽ ആരാധനാലയങ്ങൾ തകർക്കപ്പെടുകയാണ്. സെന്റ് സെബാസ്ത്യനോസിന്റെ രൂപക്കൂടിനു നേരെയും പുന്നപ്ര ഐ.എം.യു. ധ്യാനകേന്ദ്രത്തിനുനേരെയും ആക്രമണമുണ്ടായി. ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ വച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ആലപ്പുഴ ജില്ലയിലെ അഞ്ച് സ്ഥലങ്ങളിൽ വിശുദ്ധ സെന്റ് സെബാസ്ത്യനോസ് രൂപക്കൂടുകൾക്കുനേരെയുണ്ടായ ആക്രമണത്തിനെ

തിരെ കേസ് രജിസ്റ്റർ ചെയ്ത് ഡോഗ് സ്ക്വാഡിന്റേയും സയന്റിഫിക് എക്സ്പെർട്ടിന്റേയും സേവനം ഉപയോഗപ്പെടുത്തി അന്വേഷണം നടത്തി വരുന്നു. മതസ്ഥാപനങ്ങൾക്ക് നേരെയുണ്ടാകുന്ന അക്രമങ്ങൾ പരിശോധിക്കുന്നതിന് ഐ.ജി.യുടെ മേൽനോട്ടത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതാണ്.

## (15) മനോഷിന് നേരെയുണ്ടായ മർദ്ദനം

ശ്രീ. വർക്കല കഹാർ: തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളത്ത് മനോഷ് എന്ന യൂവാവിനെ ഒരു പ്രൊബേഷൻ എസ്.ഐ.യുടെ നേതൃത്വത്തിലുളള പോലീസ് സംഘം റോഡിലിട്ട് തല്ലുകയും സ്റ്റേഷനിൽകൊണ്ടുപോയി ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. ചിറയിൻകീഴ് ആശുപത്രിയിൽ അയാൾ ചികിത്സയിലാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ സംഭവത്തെ സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് കിട്ടിയിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വിശ്വാസത്തിലെടുത്തുകൊണ്ട് ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

## (16) സി.പി.ഐ (എം) ലോക്കൽ കമ്മിറ്റി ഓഫീസിനു നേരെയുണ്ടായ ആക്രമണം

ശ്രീ. പി. വിശ്വൻ: കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തീക്കോടി പഞ്ചായത്തിൽ സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി ഓഫീസ് ഇന്നലെ രാത്രി ബോംബ് വച്ച് തകർത്തതിലൂടെ സമാധാന അന്തരീക്ഷം തകർക്കാ

നുള്ള ബോധപൂർവ്വമായ ശ്രമമാണ് നടന്നിരിക്കുന്നത്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടിയെടുക്കാൻ തയ്യാറാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പയ്യോളിയിലുണ്ടായ സംഭവം സംബന്ധിച്ച് അവിടത്തെ സി.പി.ഐ (എം) ലോക്കൽ കമ്മിറ്റി സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ എക്സ്പ്ലോസീവ് സബ്സ്റ്റൻസസ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; അന്വേഷണം ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. കെ. ബാബു: ഓസ്കാർ പുരസ്കാരം നേടിയ ശ്രീ. എ.ആർ. റഹ്മാനേയും ശ്രീ. റസൂൽ പൂക്കുട്ടിയേയും സഭ അനുമോദിക്കുകയുണ്ടായി. ഗാനരചയിതാവായ ശ്രീ. ഗുൽസാറിനെക്കൂടി അനുമോദിക്കേണ്ടതായിരുന്നു

മി. സ്പീക്കർ: അദ്ദേഹത്തേയും അനുമോദിക്കുന്നു.

**വ്യക്തിപരമായ വിശദീകരണം.**

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഗവർണ്ണറുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയ ചർച്ചയിൽ ശ്രീ. പി. ജയരാജൻ കെ.എം.എം.എൽ-ലെ കോൺട്രാക്ടുമായി ബന്ധപ്പെട്ട് ഒരു രേഖ ഉദ്ധരിച്ചുകൊണ്ട് ആരോപണം ഉന്നയിക്കുകയുണ്ടായി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം അത് മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. ക്രയോജൻ മാഷ് എന്ന കമ്പനിക്ക് കോൺട്രാക്ട് കൊടുക്കുന്നതു സംബന്ധിച്ച പവർ ഓഫ് അറ്റോർണിയാണത്. അന്ന് സഭയിൽ ഹാജരായിരുന്നില്ലെങ്കിലും രേഖ മുഴുവൻ പരിശോധിച്ചപ്പോൾ അതിലെ ഒന്നാമത്തെ പേജ് ഫാക്സിൽ കിട്ടിയതാണ്. ഫാക്സ് ചെയ്തതിന്റെ തെളിവുണ്ട്. .ബാക്കിയുള്ള അഞ്ച് പേജുകൾ ആദ്യത്തെ പേജിന്റെ ടൈപ്പല്ല. അതുകൊണ്ട് ഇതിന്റെ ആധികാരികതയെക്കുറിച്ച് സംശയമുണ്ട്. ഒരു സീനിയർ മെമ്പർ ഉന്നയിച്ച ഈ ആരോപണം സംബന്ധിച്ച് അന്വേഷണം നടത്താനുള്ള ധാർമ്മിക ഉത്തരവാദിത്വം സർക്കാരിനുണ്ട്. ഏത് വിധത്തിലുള്ള അന്വേഷണമായാലും അതിനോട് പൂർണ്ണമായും സഹകരിക്കും . ഇതുസംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തുന്നതിനോട് യോജിപ്പാണുള്ളത്.

**മേശപ്പുറത്തുവച്ച കടലാസ്**

രണ്ടാം കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് മേശപ്പുറത്ത് വച്ചു.

**ധനകാര്യം**

## 2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ : ബഡ്ജറ്റിനെ പിന്താങ്ങുന്നു. ആഗോള വ്യാപാരത്തിൽ ഇന്നുണ്ടായിരിക്കുന്ന മാന്ദ്യം കേരളത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. ആഗോള വ്യാപാരത്തെ ആശ്രയിക്കുന്ന കയർ, കശുവണ്ടി, റബ്ബർ മുതലായ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ വിഷമിക്കുകയാണ്. ആഗോള വിപണിയിൽ എണ്ണവില ബാരലിന് 140 ഡോളറിൽ നിന്നും 35 ഡോളറായി കുറഞ്ഞത് എണ്ണ ഉല്പാദക രാജ്യങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഇത് രാജ്യത്തിന്റെ സമ്പദ്ഘടനയെയും സാരമായി ബാധിക്കും. ഇൻഷ്വറൻസ്, ബാങ്കിംഗ് മേഖലകളിൽ വിദേശ പങ്കാളിത്തം ഉറപ്പാക്കാനുള്ള നിയമനിർമ്മാണമാണ് പാർലമെന്റിൽ നടക്കുന്നത്. കൊച്ചി കപ്പൽ നിർമ്മാണശാലയുടെ 51 ശതമാനം ഓഹരി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ കേന്ദ്ര നിർദ്ദേശം വന്നിരിക്കുകയാണ്. കേന്ദ്ര സർക്കാർ പിന്തുടരുന്ന പുത്തൻ സാമ്പത്തിക നയം പട്ടിണിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും തൊഴിലില്ലായ്മ രൂക്ഷമാക്കുകയും ചെയ്യുന്നു. ടെക്സ്റ്റൈൽ മേഖലയിൽ 7 ലക്ഷത്തോളംപേർക്ക് തൊഴിൽ നഷ്ടപ്പെട്ടു. പതിനായിരക്കണക്കിന് ചെറുകിട വ്യവസായശാലകൾ അടച്ചുപൂട്ടി. രാജ്യത്തിന്റെ സാമ്പത്തിക അച്ചടക്കം നഷ്ടപ്പെട്ടു. എന്നാൽ ഈ സാഹചര്യമുണ്ടായിട്ടും സംസ്ഥാന ഗവൺമെന്റിന്റെ മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിന്റെ ഫലമായി കേരളത്തിന്റെ ധനകമ്മിയും റവന്യൂ കമ്മിയും കുറയുകയും വരുമാനത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തു. എല്ലാ ക്ഷേമ പെൻഷനുകളുടേയും തുക വർദ്ധിപ്പിക്കുകയും കുടിശ്ശികകൾ കൊടുത്തുതീർക്കുകയും ചെയ്തു.

സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയും കരാറുകാരുടെ കുടിശ്ശികയും കൊടുത്തുതീർത്തു. റേഷൻ സംവിധാനം നിലനിർത്തുകയും നിത്യോപയോഗ സാധനങ്ങളുടെ വിലപിടിച്ചു നിർത്തുകയും ചെയ്തു. സാധാരണക്കാരുടെ ക്രയശേഷിക്ക് അനുസരിച്ച് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കിലോയ്ക്ക് 2 രൂപയ്ക്ക് റേഷനരി നൽകാൻ തീരുമാനിച്ചിരിക്കുന്നു. കൂടാതെ തുറന്ന വിപണിയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മാവേലി സ്റ്റോറുകൾ വഴി 14 രൂപയ്ക്ക് അരി നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 250 കോടി രൂപ ഭക്ഷ്യ സബ്സിഡിക്കായി നീക്കിവച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 65 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷൻ അനുവദിക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. ദുർബല ജനവിഭാഗങ്ങളുടെ ഭവന വായ്പ കുടിശ്ശികയും പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളുടെ 25,000 രൂപ വരെയുള്ള കടങ്ങളും എഴുതിത്തള്ളാനുള്ള തീരുമാനം സ്വാഗതാർഹമാണ്. 10,000 കോടി രൂപയുടെ പാക്കേജാണ് സാമ്പത്തിക മാന്ദ്യം നേരിടാനായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. മലബാർ മേഖലയ്ക്ക് 1500 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. ഭക്ഷ്യസുരക്ഷയ്ക്കായി വിപുലമായ പരിപാടികൾ ആവിഷ്ക്കരിച്ചു. പ്രതിസന്ധിയിലായിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. കെ.എഫ്.സി. വഴിയുള്ള വായ്പയ്ക്ക് കൂടുതൽ തുക കണ്ടെത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ചെറുകിട നിക്ഷേപകരുടെ താല്പര്യങ്ങൾക്കനുസരിച്ച് കെ.എഫ്.സി-യുടെ വായ്പാനയത്തിൽ മാറ്റം വരുത്തി കുറച്ചുകൂടി ജനകീയവൽക്കരിക്കണം. നഷ്ടത്തിലായിരുന്ന പൊതുമേഖലാസ്ഥാപനങ്ങളെ പുനരുദ്ധരിക്കുകയുണ്ടായി.

കേരളത്തിന് ജനസംഖ്യാനുപാതികമായി കേന്ദ്ര നിക്ഷേപം ലഭിക്കുന്നില്ല. ഐ.ടി വികസന രംഗത്ത് മണ്ണാർക്കാട് മണ്ഡലത്തിന് പ്രത്യേകമായ മുൻഗണന നൽകണം. പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി ആഭ്യന്തര ടൂറിസം വികസിപ്പിക്കണം. വനം, പുഴ, കായൽ, നദീതടങ്ങൾ എന്നിവിടങ്ങളിൽ പുതിയ ടൂറിസം പദ്ധതികൾ തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണം. വൈദ്യുതി രംഗത്ത് പുതിയ സ്രോതസ്സ് കണ്ടെത്തണം. വർഷംതോറും ആയിരം കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കുന്നതോടൊപ്പം ഗ്രാമീണ മേഖലയിൽ കൂടുതൽ യാത്രാ സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ലിങ്കേജ് സർവ്വീസുകൾ സംസ്ഥാനത്ത് വ്യാപകമാക്കണം. പ്രധാന നഗരങ്ങളിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രീയ പഠനം നടത്തണം. നാലുവരിപ്പാതകൾ ആറുവരിപ്പാതയാക്കണം. സമാന്തര റൂട്ടുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി തയ്യാറാക്കണം. സിവിൽ സർവ്വീസ് രംഗത്ത് മലയാളികളുടെ കുറവു പരിഹരിക്കാൻ ഉന്നത വിദ്യാഭ്യാസ രംഗത്ത് കരുതലോടെയുള്ള നടപടി സ്വീകരിക്കണം. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകണം. ക്യാൻസറും ഹൃദയസംബന്ധമായ അസുഖങ്ങളും കേരളത്തിൽ വർദ്ധിച്ചു വരുന്നതിനാൽ അത് മുൻകൂട്ടി തടയുന്നതിന് പ്രത്യേക പരിശോധനയും ഗവേഷണവും നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് മുൻകയ്യെടുക്കണം. കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക രംഗത്ത് മാറ്റങ്ങൾ ഉണ്ടാക്കിയ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രാഥമിക പ്രസിഡന്റായിരുന്ന പി.ടി. ഭാസ്കരപ്പണിക്കരുടെ പേരിൽ പാലക്കാട്ട് ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. കെ.എഫ്.

സി.-യെ സാധാരണ ജനങ്ങൾക്ക് ആശ്രയിക്കാൻ പറ്റുന്ന ഏജൻസിയായി മാറ്റി പ്രവാസി ക്ഷേമനിധിയിലേയ്ക്ക് നീക്കിവച്ചിരിക്കുന്ന 10 കോടി രൂപ യുടെ പ്രയോജനം അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കണം. എം.എൻ. ലക്ഷം വീട് പദ്ധതിയുടെ പുനരുദ്ധാരണവും ഇ.എം.എസ്. പാർപ്പിട പദ്ധതിയും കാര്യക്ഷമമായി നടപ്പിലാക്കാനാവശ്യമായ തുക നീക്കിവയ്ക്കണം. പട്ടണങ്ങളിൽനിന്നും പിടിച്ചെടുത്ത ഭൂമി സംസ്ഥാന വികസനത്തിന് പ്രയോജനപ്പെടത്തക്കവിധത്തിൽ ഉപയോഗിക്കണം. മലയോര മേഖലയിലെ റവന്യൂ ഭൂമിയിൽ താമസിക്കുന്നവർക്ക് കൈവശ രേഖ കൊടുക്കാൻ നടപടി സ്വീകരിക്കണം. പോലീസ് സേനയ്ക്ക് ജനങ്ങ ളുമായി കൂടുതൽ സൗഹൃദം നിലനിർത്താനാവശ്യമായ പദ്ധതികളെക്കുറിച്ച് ആലോചിക്കണം. സർക്കാർ സർവ്വീസിൽ നന്നായി ജോലി ചെയ്യുന്നവരെ അംഗീകരിക്കാനും അവർക്ക് അവാർഡ് നൽകുന്നതിനും ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഡ്ജറ്റിനെ എതിർക്കുന്നു. 2008-09-ലെ ബഡ്ജറ്റിൽ കൃഷിക്കുവേണ്ടി നീക്കിവച്ചിരുന്ന 1000 കോടിരൂപയിൽ 341 കോടിരൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളു. ജനങ്ങളുടെ ഇടയിൽ അസ്പഷ്ടമായ ധാരണ ഉണ്ടാക്കുന്ന രീതിയിലുള്ള പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്നത്. ഒരുലക്ഷം കോടി രൂപയുടെ പ്രഖ്യാപന ങ്ങൾ നടത്തിയിട്ട് റവന്യൂ ചെലവ് 31,162 കോടിരൂപയെന്നും റവന്യൂ വരുമാനം 28154 കോടി രൂപയെന്നും പ്രസ്തുത വരുമാനത്തിൽ 22000 കോടി രൂപ ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിൽ ചെലവഴിക്കുമെന്നും പറഞ്ഞിരിക്കുന്നു. ബാക്കി വരുന്ന 6000 കോടിയിൽ ചില്വാനം രൂപയാണ്. എന്നിട്ടാണ് ഒരുലക്ഷം കോടിരൂപയുടെ പ്രഖ്യാപനങ്ങൾ നടത്തിയിരിക്കു

ന്നത്. ഇതെങ്ങനെ സാദ്ധ്യമാകുമെന്ന് പറയണം. കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ വകുപ്പിനുവേണ്ടിയും പാസ്സാക്കിയ തുകയിൽ വിദ്യാഭ്യാസ വകുപ്പ് 1137 കോടിരൂപയും പൊതുമരാമത്ത് വകുപ്പ് 413 കോടിരൂപയും ചെലവഴിച്ചിട്ടില്ല. സ്വകാര്യവൽക്കരണമാണ് സംസ്ഥാന ഗവൺമെന്റിന്റെ സമീപനം. ഇൻകെൽ എന്ന സ്ഥാപനത്തിന്റെ 74 ശതമാനം ഷെയറും സ്വകാര്യ മേഖലയിലാണ്. 26 ശതമാനം ഷെയർ മാത്രമാണ് സംസ്ഥാന സർക്കാരിനുള്ളത്. 51 ശതമാനത്തിൽ കൂടുതൽ ഗവൺമെന്റിനു ഷെയറുണ്ടെങ്കിൽ മാത്രമേ പൊതുമേഖലാ സ്ഥാപനം എന്നു പറയുകയുള്ളു. ചെക്ക്പോസ്റ്റ് നവീകരണംപോലും ഇൻകെൽ-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്ത് രണ്ടു രൂപയ്ക്ക് അരി യഥേഷ്ടം ലഭ്യമാക്കുമെന്ന് പറയുന്നുണ്ടെങ്കിലും അതിനൊന്നും പര്യാപ്തമായ തുക വകയിരുത്തിയതായി കാണുന്നില്ല. ടാക്സ് കളക്ഷൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേക്കാൾ ചുരുങ്ങിയതായി കണക്കുകൾ കാണിക്കുന്നു. കേന്ദ്രം അവഗണിക്കുന്നു എന്ന് പറയുന്നുണ്ടെങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേക്കാൾ കേന്ദ്ര വിഹിതം ലഭ്യമായത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. 2007-08-ലെ ഇക്കണോമിക് റിവ്യൂ റിപ്പോർട്ടനുസരിച്ച് കൺസംപ്ഷന്റെ കാര്യത്തിൽ ഏറ്റവുംകൂടുതൽ അസമത്വം നിലനിൽക്കുന്നത് കേരളത്തിലാണ്. കേരള മോഡൽ തകർന്നുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മണൽ മാഫിയകളെ സഹായിക്കുന്നതിനുവേണ്ടിയാണ് 300 കോടി രൂപ ഡാമുകളിൽനിന്നും മണലെടുക്കുന്നതിലൂടെ ലഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. മരങ്ങളുടെ റീ-പ്ലാന്റേഷനുവേണ്ടി കൊടുക്കുന്ന ധനസഹായം പരീക്ഷണാടി

സ്ഥാനത്തിൽ മുമ്പ് നടപ്പിലാക്കിയിട്ടുള്ളതാണെങ്കിലും അത് ഫലമുണ്ടാകാതിരുന്ന ഒരു സ്കീമാണ്. കേന്ദ്ര ഗവൺമെന്റ് ടാക്സ് കുറച്ചിട്ടും സംസ്ഥാന ഗവൺമെന്റ് ടാക്സ് വർദ്ധിപ്പിക്കുന്നു. പ്രഖ്യാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ബഡ്ജറ്റാണിത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ബഡ്ജറ്റ് എന്നാൽ വരവുചെലവുകളുടെ രേഖ മാത്രമല്ലെന്നും ജനകോടികൾക്ക് സഹായഹസ്തമായിട്ടുള്ളതാണെന്നുമുള്ള നിലയിലാണ് മലയാളികൾ 2009-10-ലെ ബഡ്ജറ്റിനെ നോക്കിക്കാണുന്നത്. കക്ഷി രാഷ്ട്രീയ ഭേദമെന്യേ എല്ലാ വിഭാഗം ആളുകളും ഈ ബഡ്ജറ്റിനെ പ്രകീർത്തിക്കുന്നു. പ്രാഥമിക കാർഷിക മേഖലകളുമായി ബന്ധപ്പെട്ട കയറ്റുമതിയിലെ കുറവ്, വിദേശ മലയാളികളുടെ തിരിച്ചുവരവ്, വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ്, കാർഷിക മേഖലയിലെ പുറകോട്ടുപോക്ക് തുടങ്ങിയ പ്രതിസന്ധികൾക്കിടയിലുള്ള ഒരു പ്രതിരോധ കവചമാണ് സംസ്ഥാന ബഡ്ജറ്റ്. അമേരിക്ക തുടങ്ങിയ വൻകിട രാഷ്ട്രങ്ങളുടെ സാമ്പത്തിക ഘടന തകർന്നടിയുകയും വൻകിട കമ്പനികളും ബാങ്കുകളും സാമ്പത്തിക പ്രതിസന്ധിയുടെ നീർച്ചുഴിയിൽപ്പെട്ട് ഉഴലുകയും ചെയ്യുമ്പോൾ സാധാരണ ജനങ്ങൾക്ക് ആശ്വാസമെത്തിക്കാൻ ഈ ബഡ്ജറ്റിലൂടെ കഴിഞ്ഞിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുക, ഇൻഷ്വറൻസ് മേഖല സ്വകാര്യവൽക്കരിക്കുക തുടങ്ങിയ കേന്ദ്ര ഗവണ്മെന്റിന്റെ നയങ്ങൾ മൂലം പടുകുഴിയിലേയ്ക്ക് കൂപ്പുകുത്തുമായിരുന്ന ഇന്ത്യയെ രക്ഷിച്ചത് ഇടതുപക്ഷ കക്ഷികളുടെ സമയോചിതമായ ഇടപെടലാണ്. അമേരിക്കയുടെ സാമ്പത്തിക നയങ്ങൾ പിന്തുടരുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന് വിരുദ്ധമായി വൻകിട കോർപ്പറേറ്റ് കമ്പനികൾക്ക്

പണം കൊടുക്കുന്നതിന് പകരം സാധാരണ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുകയെന്ന നയമാണ് സംസ്ഥാനത്ത് പ്രാവർത്തികമാക്കിയത്. ഇന്ത്യയ്ക്കാകെ മാതൃകയാക്കാവുന്ന ബഡ്ജറ്റാണ് അവതരിപ്പിക്കപ്പെട്ടിട്ടു ള്ളത്. കർഷകർക്ക് ആശ്വാസം നൽകിയതും ക്ഷേമപെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തതും ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക പൂർണ്ണമായി നൽകിയതും സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനങ്ങൾ പാലിക്കുകയും സാമൂഹ്യ സുരക്ഷി തത്വം നൽകുകയും ചെയ്യുന്ന ഒരു ഭരണ സംവിധാനമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഭവന വായ്പ എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. ഒരുതരത്തിലുള്ള നികുതി ബാധ്യതയും ജനങ്ങളെ അടിച്ചേൽപ്പിച്ചിട്ടില്ലെന്നതും എടുത്തുപറയേണ്ട നേട്ടമാണ്. ബഡ്ജറ്റിലൂടെ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് ശത്രുതാപരമായ സമീപനം സ്വീകരി ച്ചപ്പോഴും കോടിക്കണക്കിന് രൂപ ചെലവ് വരുന്ന സ്വപ്നതുല്യമായ പദ്ധതി കളാണ് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ക്ഷേമപെൻഷനുകൾ 200 രൂപയിൽനിന്ന് 250 രൂപയാക്കി വർദ്ധിപ്പിച്ചതും പ്രശംസനീയമാണ്. 65 വയസ്സ് കഴിഞ്ഞ ദരിദ്ര വിഭാഗങ്ങൾക്ക് മാസംതോറും 100 രൂപ പെൻഷൻ നൽകാൻ തീരുമാനിച്ച നടപടിയും അത്യന്തം ശ്ലാഘനീയമാണ്. അടച്ചുപൂട്ടാൻ തീരുമാനിച്ച വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നല്ലൊരു തുക നിക്ഷേപിക്കുകയും സ്വകാര്യ നിക്ഷേപത്തെ പ്രോൽസാഹിപ്പി ക്കുവാൻ വേണ്ടി നടപടികൾ സ്വീകരിക്കുകയും ചെയ്തു. ട്രഷറി പൂട്ടാതെ മികച്ച ധനകാര്യ മാനേജ്മെന്റ് കാഴ്ചവെച്ചു. നികുതി വരുമാനത്തിൽ റിക്കോർഡ് വർദ്ധനവ് നേടി; മൂന്നുകൊല്ലക്കാലം കൊണ്ട് ധനകമ്മി, റവന്യൂ കമ്മി എന്നിവ കുറയ്ക്കാൻ സാധിച്ചു. വികസന കുതിപ്പിനായി വിവിധ കുടി

വെള്ള, ജലസേചന, മരാമത്ത് പ്രവർത്തികൾ നടപ്പാക്കുന്നതിനും മലബാർ മേഖലയിൽ ടൂറിസം കേന്ദ്രങ്ങളും ഐ.റ്റി. പാർക്കുകളും സ്ഥാപിക്കാൻ തീരു മാനിക്കുകയും ചെയ്തു. വരുന്ന പത്തുകൊല്ലക്കാലംകൊണ്ട് കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു. കാർഷിക-കാർഷികാനുബന്ധ മേഖലയിൽ വളരെ വ്യക്തമായ ലക്ഷ്യബോധ ത്തോടുകൂടിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. മൃഗസംരക്ഷണത്തിനും ഭക്ഷ്യ സുരക്ഷ പദ്ധതികൾക്കും ഊന്നൽ കൊടുക്കാൻ സാധിച്ചു. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ അനിരുദ്ധൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നയസമീപ നങ്ങളിൽ വ്യത്യസ്തത പുലർത്തുന്നതാണ് ഈ വർഷത്തെ ബഡ്ജറ്റ്. ഭക്ഷ്യ സബ്സിഡി നൽകിക്കൊണ്ട് ജനങ്ങൾക്ക് ആശ്വാസം നൽകാൻ നടപടി സ്വീകരിച്ചു. അടച്ചുപൂട്ടുന്നതിനോ വിൽക്കുന്നതിനോ തീരുമാനിച്ച പൊതു മേഖലാ സ്ഥാപനങ്ങളെ ഒരു നിശ്ചിത തുക വകയിരുത്തിക്കൊണ്ട് പുനരുദ്ധരി ക്കാൻ തീരുമാനിച്ചു. കേന്ദ്ര ഗവൺമെന്റ് ജനങ്ങളെ റേഷൻ പരിധിക്കുള്ളിൽ നിന്നും പുറത്താക്കാൻ ശ്രമിച്ചപ്പോൾ കേരളം തുച്ഛമായ വിലയ്ക്ക് അരി നൽകാൻ തീരുമാനിച്ചു. കേരളത്തെ റയിൽവേ ഭൂപടത്തിൽ നിന്നും ഒഴിവാ ക്കാൻ ശ്രമിച്ചപ്പോൾ കേരളം 20 കോടി രൂപ മുടക്കി റയിൽവേ ഡെപലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചു. നാളികേര കർഷകരെ തകർച്ച യിൽ നിന്നും രക്ഷിക്കാൻ തീരുമാനിച്ചു. പ്രവാസി ക്ഷേമ പദ്ധതികൾ നടപ്പി ലാക്കാൻ തീരുമാനിച്ചു. കേന്ദ്രം മൊത്തം വരുമാനത്തിന്റെ പോയിന്റ് അഞ്ച് ശതമാനം സാമ്പത്തിക മാന്ദ്യത്തെ നേരിടാനുള്ള ഉത്തേജക പാക്കേജിന് വേണ്ടി നീക്കിവച്ചപ്പോൾ കേരളം മൊത്തം വരുമാനത്തിന്റെ അഞ്ച് ശതമാനം

നീക്കിവച്ചു. നിർമ്മാണപ്രവർത്തനങ്ങൾക്കായി 5000 കോടി രൂപ നീക്കിവച്ചത് ശ്രദ്ധേയമാണ്. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും ജനങ്ങളുടെ വാങ്ങാനുള്ള ശേഷി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. സാമ്പത്തിക വളർച്ച നേടിയതുകൊണ്ടുമാത്രം രാജ്യത്തിന്റെ പുരോഗതി സാധ്യമാകില്ല. സാധാരണക്കാരുടെ ജീവിതനിലവാരം ഉയർത്തിയാൽ മാത്രമേ വരുമാനത്തിൽ വർദ്ധനവുണ്ടാകുകയുള്ളൂ. ഇത് ഒരു ജനപക്ഷ ബഡ്ജറ്റാണ്. കയർ വ്യവസായത്തിന് 64 കോടിരൂപയും കൈത്തറി മേഖലയിൽ 50.9 കോടി രൂപ കൂടാതെ റിബേറ്റിനത്തിൽ 6 കോടി രൂപയും കശുവണ്ടി വ്യവസായത്തിന് 46 കോടി രൂപയും ഗ്രാറ്റുവിറ്റിയായി അഡീഷണൽ 10 കോടി രൂപയും നീക്കിവച്ചത് ശ്ലാഘനീയമാണ്. തകർന്നുപോയ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് 883 കോടി രൂപയുടെ വിപുലീകരണ പദ്ധതിയും ചെറുകിട വ്യവസായങ്ങൾക്ക് 35 കോടി രൂപയും അവയുടെ ക്ഷേമപദ്ധതികൾക്ക് ഒരു കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിലവർദ്ധനവ് ഒരളവുവരെ പിടിച്ചുനിർത്താനും പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. കൃഷിഭൂമി ചുരുങ്ങിയെങ്കിലും കൃഷിയുടെ ഉൽപ്പാദ നക്ഷമത വർദ്ധിച്ചിട്ടുണ്ട് കേരളത്തിൽ കൃഷി ഒരു സംസ്കാരമായി വളർത്തുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. മുട്ട, പാൽ. ഇറച്ചി എന്നിവയിൽ കേരളത്തെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ജനങ്ങൾക്ക് ഭാരമേൽപ്പിക്കാതെ 574 കോടി രൂപയുടെ വരുമാന സ്രോതസ്സിനാണ് ഈ ബഡ്ജറ്റിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ ക്ഷേമപെൻഷനുകളുടെ വർദ്ധനവ് ഗവൺമെന്റിന്റെ നയസമീപനത്തെയാണ് കാണിക്കുന്നത്. കൊല്ലം

ജില്ലയിലെ പുനലൂരിൽ സബ്കോടതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. പി. മോഹനൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആഗോള വൽക്കരണത്തിന്റേയും സാമ്പത്തിക മാന്ദ്യത്തിന്റേയും നീരാളിപ്പിടിത്തത്തിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ നടത്തി യിരിക്കുന്ന ശ്രമത്തെ സ്വാഗതം ചെയ്യുകയാണ്. ഇത് ഒരു ജനകീയ സർക്കാ രിന്റെ ബഡ്ജറ്റാണ്. സർക്കാരിന് ദോഷകരമായി പ്രവർത്തിക്കുന്ന ഉദ്യോഗ സ്ഥരെ കണ്ടെത്തുകയും അക്കാര്യം ഗൗരവത്തോടെ പരിശോധിക്കുകയും വേണം. സർക്കാർ ഉത്തരവുകൾ അംഗങ്ങൾക്ക് ലഭ്യമാക്കണം. മനുഷ്യ വിഭവശേഷി ഉപയോഗിച്ചുകൊണ്ട് അടിസ്ഥാന വികസനത്തേയും അടിസ്ഥാന ആവശ്യങ്ങളേയും തൃപ്തിപ്പെടുത്താനാണ് ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. ബി.പി.എൽ. കാർക്ക് 2 രൂപയ്ക്കും എല്ലാപേർക്കും 14 രൂപയ്ക്കും യഥേഷ്ടം അരി ലഭ്യമാക്കാനും മിനിമം പെൻഷൻ 250 രൂപ യാക്കി ഉയർത്താനും കഴിഞ്ഞിട്ടുണ്ട്. 10,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജും നടപ്പിലാക്കി. മലബാറിന്റെ വികസനത്തിനായി 1500 കോടി രൂപ യുടെ പാക്കേജ് പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. സാമൂഹ്യക്ഷേമപദ്ധതി കൾക്ക് ഊന്നൽ നൽകുകയും ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി തുക സമാഹരിക്കുകയും വേണം. കേന്ദ്രസർക്കാരിന്റെ തെറ്റായ നടപടികളെ പ്രതിരോധിക്കുന്ന ബഡ്ജറ്റാണിത്. സുരക്ഷിത കുടിവെള്ള പദ്ധതി 2010-ഓടെ സംസ്ഥാനത്ത് നടപ്പാക്കാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. 1200 കോടി രൂപയുടെ ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം ഈ വർഷം നടപ്പിലാക്കുക യാണ്. കേരളത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ ജലസേചന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം. ആവശ്യമായ ഫണ്ട്

നീക്കിവച്ച് പഴശ്ശി ഇറിഗേഷൻ പ്രോജക്ട് പ്രാവർത്തികമാക്കണം. വിഷൻ 2010 പദ്ധതിയിലൂടെ പൊതുമരാമത്ത് വകുപ്പ് ഓരോ നിയോജകമണ്ഡലത്തിലും 2 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽനൽകുന്നുണ്ട്. കേരളത്തിന്റെ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനത്തിനായി 5,000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2600 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഉത്തര മലബാറിന്റെ വളർച്ചയ്ക്ക് ആധാരമായ കണ്ണൂർ വിമാനത്താവളത്തി ലേയ്ക്കുള്ള നാല് റോഡുകൾ 259 കോടി രൂപ ചെലവഴിച്ച് വികസിപ്പിക്കാനുള്ള പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കെ.എസ്.ആർ. ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം അനുവദിച്ചത് സ്വാഗതാർഹമാണ്. കെ.ടി.ഡി.എഫ്.സി-യിൽനിന്നുള്ള വായ്പ തിരിച്ചടയ്ക്കാനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വർദ്ധിപ്പിച്ച ബസ് ചാർജ്ജ് ചരിത്രത്തിലാദ്യമായി കുറയ്ക്കാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് 500 കോടി രൂപ അനുവദിക്കുകയും നാളികേര ഉൽപന്നങ്ങൾക്ക് നികുതി ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നെൽകൃഷി, കശുവണ്ടി എന്നിവയുടെ വികസനത്തിനും സംരക്ഷണത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മലബാർ മേഖലയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതുവഴി കാർഷികരംഗത്ത് വൻകുതിച്ചുകയറ്റമുണ്ടാകും. പച്ചക്കറി ഉൽപ്പാദനത്തിന്റെ കാര്യത്തിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് അവസാനിപ്പിക്കുന്നതിന് ക്രിയാത്മകമായ നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കുന്നുണ്ട്.

മലബാർ മേഖലയിലെ ജീർണ്ണിച്ച ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കുമായി കൂടുതൽ പണം നീക്കിവയ്ക്കേണ്ടതുണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനം വഴി പൊതുജനങ്ങൾക്കും പഞ്ചായത്തുകൾക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് ഈ ബഡ്ജറ്റിലൂടെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. ടച്ച് സ്ക്രീൻ സംവിധാനം എല്ലാ പഞ്ചായത്തിലും നടപ്പിലാക്കണം. സാമൂഹ്യക്ഷേമ പെൻഷൻ എല്ലാ മാസവും 1-ാം തീയതി ലഭ്യമാക്കാനുള്ള സംവിധാനം ആവശ്യമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ ഒഴിവ് നികത്താനും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം ഗ്രാമങ്ങളിൽ കൂടുതൽ പ്രവർത്തനം നടത്താനും സാധിക്കണം. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി സർക്കാർ മുന്നോട്ടുവച്ച നടപടികൾ ഏറ്റവും ഗുണകരമാണ്. സി.എഫ്.എൽ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വൈദ്യുതി ലാഭിക്കാൻ കഴിയും. മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്യാൻസർ രോഗികളെ സഹായിക്കുന്നതിനുമുള്ള പദ്ധതിക്ക് 17 കോടി രൂപ നീക്കിവച്ചത് ശ്ലാഘനീയമാണ്.

<u>ശ്രീ. കെ.എം. മാണി:</u> ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റ് ഒരു ഇലക്ഷൻ സ്റ്റണ്ടാണ്. ഇതിലെ പ്രഖ്യാപനങ്ങൾക്ക് ഇലക്ഷൻ വരെ മാത്രമേ ആയുസ്സുള്ളു. ടാക്സ് വരുമാനത്തിൽ 23 ശതമാനം വർദ്ധനവ് ഉണ്ടായെന്ന് ഗവൺമെന്റ് അവകാശപ്പെടുന്നുണ്ടെങ്കിലും അതിന്റെ ക്രെഡിറ്റ് കേന്ദ്ര ഗവൺമെന്റിനാണ്. കേന്ദ്ര ഗവൺമെന്റിന്റെ നടപടികളുടെ ഫലമായി സംസ്ഥാനത്ത് റവന്യൂവരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ കമ്മി കുറഞ്ഞിട്ടില്ല. 2008-09-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് റവന്യൂ ഡെഫിസിറ്റ് വർദ്ധിച്ചിരിക്കുകയാണ്. പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള 1369

കോടി രൂപയുടെ പദ്ധതികൾക്കുള്ള സാമ്പത്തിക സ്രോതസ് ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. കമ്മി ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ജി.ഡി.പി.യേക്കാൾ ഒരു ശതമാനം തുക അഡീഷണൽ ബോറോയിംഗായി തരികയാണെങ്കിൽ പുതിയ പദ്ധതികൾ നടപ്പിലാകുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. അങ്ങനെ തന്നില്ലെങ്കിൽ പുതിയ ടാക്സേഷനിലേക്ക് പോകുകയോ അല്ലെങ്കിൽ ഈ പരിപാടി കട്ട് ചെയ്യുകയോ ചെയ്യണം. പതിനായിരം കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ് വിവിധ വകുപ്പുകൾക്കുവേണ്ടി അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതമാണ്. ആഗോള സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനെക്കുറിച്ച് ഒന്നുംതന്നെ ഈ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ല. ആഗോള സാമ്പത്തിക പ്രതിസന്ധി സ്മാർട്ട് സിറ്റിയെ ബാധിച്ചു എന്നാണ് മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്. സർക്കാരിന്റെ മെല്ലെപ്പോക്ക് നയമാണ് ഇതിനു കാരണമെന്നാണ് സി.ഇ.ഒ. പറഞ്ഞിട്ടുള്ളത്. സർക്കാർ പ്രവർത്തനോൻമുഖമാകണം. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് രണ്ടു രൂപയ്ക്ക് അരി നൽകുമെന്ന പ്രഖ്യാപനം വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്. ക്ഷേമ പെൻഷനുകൾ ഉൾപ്പെടെയുള്ള പല പദ്ധതികളും കഴിഞ്ഞ ബഡ്ജറ്റിന്റെ ആവർത്തനങ്ങളാണ്. കർഷക കടാശ്വാസ കമ്മിഷനു മുമ്പിൽ തീരുമാനമാകാതെ നിരവധി അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്. നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും പല പദ്ധതികളുടെയും അടങ്കൽ തുക വ്യത്യസ്തമായിട്ടാണ് പറഞ്ഞിട്ടുള്ളത്. പഞ്ചായത്തുകൾക്ക് പങ്കാളിത്തം നൽകിക്കൊണ്ട് ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കണം. പ്രായോഗികമല്ലാത്തതും യാഥാർത്ഥ്യ ബോധമില്ലാത്തതുമായ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ ജലരേഖകളാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> ബഡ്ജറ്റിനെ പിന്താങ്ങുന്നു. ആഗോള സാമ്പത്തിക മാന്ദ്യം നേരിടാനുതകുംവിധം കാലഘട്ടത്തിനനുസൃതമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ഭക്ഷ്യ സുരക്ഷ, നീതിപൂർവ്വകമായ സാമ്പത്തിക വളർച്ച, സന്തുലിത വികസനം, സയന്റിഫിക് ഫിനാൻസിംഗ്, ഗൾഫിൽ നിന്ന് തിരിച്ചെത്തുന്നവരുടെ സംരക്ഷണം എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള ബഡ്ജറ്റാണിത്. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും എല്ലാവർക്കും അത് ലഭ്യമാക്കുന്ന തിനുമുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ ഭാഗ മായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് രണ്ട് രൂപയ്ക്ക് അരി നൽകാൻ തീരുമാനിച്ചു. ജലസേചനം, നാളികേര വികസനം എന്നിവയ്ക്കായി തുക മാറ്റിവച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്കും പരമ്പരാഗത മേഖലയ്ക്കും ആനു കൂല്യങ്ങൾ പ്രഖ്യാപിച്ചത് തൊഴിലവസരം സൃഷ്ടിക്കപ്പെടാനും ഉൽപ്പാദന വർദ്ധനവിനും വഴിവയ്ക്കും. എല്ലാ പെൻഷനുകളും 250 രൂപയാക്കി. ഐ. ടി., ടൂറിസം മേഖലകളുടെ വളർച്ചയ്ക്ക് പദ്ധതികൾ പ്രഖ്യാപിച്ചു. പൊതുമേഖല, സംയുക്തമേഖല, പ്രൈവറ്റ് മേഖല എന്നിങ്ങനെ തിരിച്ച് ഉൽപ്പാദന വർദ്ധനവിന് ആക്കം കൂട്ടാനുള്ള നിർദ്ദേശങ്ങൾ വച്ചു. അഡീഷണൽ റവന്യൂ കണ്ടെത്തുന്നതിന് നികുതിയേതര വരുമാനം വർദ്ധി പ്പിക്കാൻ നടപടി കൈക്കൊണ്ടു. എടുക്കുന്ന കടം ഉൽപ്പാദന മേഖലയ്ക്കായി വിനിയോഗിക്കാൻ തീരുമാനിച്ചു. ഡാമുകളിൽ നിന്നും മണലിനു പുറമെ ലഭി ക്കുന്ന കളിമണ്ണ് കളിമൺ പാത്ര വ്യവസായ അഭിവൃദ്ധിക്ക് ഉപയോഗിക്കാൻ സാധിക്കും. സംസ്ഥാനത്തെ ബാങ്കുകളിൽ ധാരാളം നിക്ഷേപമുണ്ട്. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റ് ബാധകമല്ലാത്ത തദ്ദേശഭരണ

സ്ഥാപനങ്ങളിൽനിന്നും സഹകരണ സ്ഥാപനങ്ങളിൽനിന്നും പണം കണ്ടെത്തി എല്ലാ മേഖലകളിലും വികസനം ഉറപ്പാക്കണം.

ശ്രീ. പി.സി. ജോർജ്: ബഡ്ജറ്റിനെ എതിർക്കുന്നു. ആഭ്യന്തര വിഭവ സമാഹരണം വർദ്ധിപ്പിച്ച് പണം കണ്ടെത്തി നല്ല പദ്ധതികൾ നടപ്പാക്കണം. പൊതുമേഖലാസ്ഥാപനങ്ങളെ വിൽക്കുന്ന നയം അവസാനിപ്പിക്കണം. സംസ്ഥാനത്തെ പാവപ്പെട്ടവർക്കായി പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. പാട്ടത്തുക വർദ്ധിപ്പിക്കാനുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. സ്വർണ്ണക്കച്ചവടക്കാരിൽനിന്ന് ന്യായമായ നികുതി പിരിച്ചെടുക്കണം. ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന ടാക്സ് പോലും വാങ്ങാതെ കെ.ടി.ഡി.സി.ക്ക് ഒന്നരക്കൊല്ലത്തെ സാവകാശം നൽകിയിരിക്കുന്നത് ന്യായീകരിക്കത്തക്കതല്ല. യഥാസമയം സ്വർണ്ണക്കച്ചവടക്കാരിൽനിന്നും ടൂറിസം മേഖയിലെ സമ്പന്നന്മാരിൽനിന്നും നികുതി പിരിച്ചെടുത്താൽ കമ്മി കുറയ്ക്കാൻ കഴിയും. ബി.പി.എൽ-കാർക്ക് രണ്ട് രൂപയ്ക്ക് അരി നൽകുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. സഹകരണ വകുപ്പിന് കാര്യമായ തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. സഹകരണമേഖലയെ പുഷ്ടിപ്പെടുത്താനുള്ള നടപടികളുണ്ടാകണം.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. ആഗോള പ്രതിസന്ധിയെ പ്രതിരോധിക്കാനുള്ള ബദൽ കാഴ്ചപ്പാടാണ് ബഡ്ജറ്റിലുള്ളത്. ബി.പി.എൽ-കാർക്ക് രണ്ട് രൂപയ്ക്കും എ.പി.എൽ-കാർക്ക് 14 രൂപയ്ക്കും അരി നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മലബാർ വികസനത്തിന് 1500 കോടി രൂപയുടെ പാക്കേജാണുള്ളത്. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 8000 കോടി രൂപയുടെ താപവൈദ്യുത പദ്ധതി, ഐ.ടി. പാർക്ക്, ബേക്കൽ ടൂറിസവുമായും മറ്റ് ടൂറിസവുമായും ബന്ധപ്പെട്ട്

ലിങ്ക് റോഡുകൾ, മഞ്ചേശ്വരം-നീലേശ്വരം വ്യവസായ പാർക്ക്, മടിക്കൈ ഐ.ടി.ഐ., മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ, യക്ഷഗാന കലാക്ഷേത്രം എന്നിവയ്ക്ക് തുക അനുവദിച്ചത് എടുത്തുപറയേണ്ട പ്രഖ്യാപനമാണ്. കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് മഞ്ചേശ്വരത്ത് ആരംഭിക്കുന്നതിനായി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന 1 കോടി രൂപ ഈ വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യണം. പ്രവാസികളുടെ ക്ഷേമത്തിനായി 10 കോടി രൂപയും ഗൾഫ് നാടുകളിൽ നിന്നും തിരികെ വരുന്നവർക്ക് വ്യവസായം ആരംഭിക്കുന്നതിന് വായ്പ നൽകാനായി 100 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഇ.എം.എസ്. ഭവനപദ്ധതിയ്ക്കായി 2000 കോടി രൂപ വകയിരുത്തിയിരിക്കുന്നു. നഷ്ടത്തിലായിരുന്ന പൊതുമേഖലാസ്ഥാപനങ്ങൾ പുനരുദ്ധരിച്ചതിലൂടെ 32 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലായി. 883 കോടി രൂപ പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. മലയോര ഹൈവേയ്ക്ക് 1500 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിക്കുകയും തീരദേശ ഹൈവേയ്ക്ക് ആവശ്യമായ പണം നീക്കിവയ്ക്കുകയും ചെയ്തു. ഭക്ഷ്യ സുരക്ഷയ്ക്ക് 64 കോടി രൂപ നീക്കിവയ്ക്കുകയും കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് പണം നീക്കിവച്ചു. എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികൾക്കും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ രൂപീകരിച്ച് അതിന്റെ കീഴിൽ 10 മത്സ്യബന്ധന തുറമുഖങ്ങളുണ്ടാക്കാൻ തീരുമാനിച്ചു. മുടങ്ങിക്കിടന്ന ആർ.ഒ.ബി-കളുടെ പണി പുനരാരംഭിച്ചതിനുപുറമെ 17 പുതിയ ആർ.ഒ.ബി-കൾ കൂടി ഏറ്റെടുക്കാൻ പോകുന്നു. പട്ടികജാതി/പട്ടിക

വർഗ്ഗക്കാർ എടുത്തിട്ടുള്ള 25,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്ത ള്ളാനും, 25,000-ൽ കൂടുതലുള്ളതിന് ഒറ്റത്തവണ തീർപ്പാക്കലിലൂടെ പലിശയും പിഴപ്പലിശയും ഒഴിവാക്കിക്കൊടുക്കാനും തീരുമാനിച്ചു. ഭൂമിയി ല്ലാത്തവർക്ക് കിടപ്പാടം നൽകുന്നതിനായി 50 കോടി രൂപ വീടിനും 30 കോടി രൂപ ഭൂമിക്കുംവേണ്ടി വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ പരിപാടി കൾക്കായി 44 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ മെസ് അലവൻസ് വർദ്ധിപ്പിച്ചു. കാസർഗോഡ് മേഖലയിൽ കന്നട വിദ്യാർത്ഥി കൾക്കായി എം.ആർ.എസ്. സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരി ക്കണം. അഴിമതിക്കാരെ കണ്ടുപിടിക്കുന്നവർക്ക് 25,000 രൂപയുടെ പാരിതോഷികം നൽകുമെന്ന പ്രഖ്യാപനവും അതിനുവേണ്ടി ഒരു കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിരിക്കുന്നത് സ്വാഗതാർഹമാണ്. സാമൂഹ്യ ക്ഷേമ പദ്ധതികൾ ശക്തിപ്പെടുത്തുകയും പെൻഷൻ തുക 250 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. 65 വയസ്സ് കഴിഞ്ഞവർക്ക് 100 രൂപ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചു. നികുതി വരുമാനത്തിൽ 24 ശതമാനം വർദ്ധനവുണ്ടാക്കാനുള്ള നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ചെക്കുപോസ്റ്റു കളിൽ ആവശ്യമായ സംവിധാനങ്ങളുണ്ടാക്കിയതും പാട്ടത്തുക വർദ്ധിപ്പി ക്കാനുള്ള തീരുമാനമെടുത്തതും സ്വാഗതാർഹമാണ്.

ശ്രീ. ടി.യു. കുരുവിള: ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന ഒരു മാതൃകാ ബഡ്ജറ്റാണിത്. ദുർബല ജനവിഭാഗങ്ങളുടെ ഭവന വായ്പ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. നെൽക്കൃഷിയുടെ പ്രോത്സാഹനത്തിനായി 64 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. തരിശ്ശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതിയും ഇതിലുൾപ്പെടും. രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ

നിന്നും 30 കോടി രൂപയെങ്കിലും അധികമായി ലഭിക്കും. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 66 കോടി രൂപയും മറ്റ് ജലസേചന പദ്ധതികൾക്ക് 134 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. നെൽക്കൃഷിക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനുവേണ്ടി 20,000 ഹെക്ടർ സ്ഥലത്ത് കൂടുതലായി കൃഷിയിറക്കുകയാണ്. അത്യുല്പാദനശേഷിയുള്ള വിത്തുകളും വളവും നൽകി കാർഷികോല്പാദനം കൂട്ടിയാൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരില്ല. കാർഷിക കടാശ്വാസത്തിന് 25 കോടി രൂപയും ഇടുക്കി പാക്കേജിനായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി റിസോർട്ടുകൾ, ഹൗസ്ബോട്ടുകൾ എന്നിവയ്ക്ക് 50 ശതമാനം നികുതിയിളവ് പ്രഖ്യാപിച്ചിരിക്കുന്നത് ഗുണകരമാണ്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ ടൂറിസം മേഖലകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾക്കായി 52 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. എറണാകുളത്തുനിന്നും തേക്കടി, മൂന്നാർ, ഭൂതത്താൻകെട്ട് തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന 27 കിലോമീറ്റർ റോഡുകൂടി ഇതിൽ ഉൾപ്പെടുത്തണം. മലബാർ പാക്കേജിൽ 279 കോടി രൂപയുടെ 98 പാലങ്ങളും 151 കോടി രൂപയുടെ 108 കെട്ടിടങ്ങളും 344 കോടി രൂപയുടെ 205 റോഡുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. തീരദേശ ഹൈവേയ്ക്ക് 80 കോടി രൂപയും ബൈപ്പാസ് നിർമ്മാണത്തിന് 200 കോടി രൂപയും ഹിൽ ഹൈവേയ്ക്ക് 40 കോടി രൂപയും കണ്ണൂർ വിമാനത്താവളത്തിന് 10 കോടി രൂപയും കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് 10 കോടി രൂപയും അനുവദിച്ചു. കരാറുകാരുടെ 31-11-08 വരെയുള്ള കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. റോഡ്

പണികൾക്ക് ആവശ്യമായ ടാർ ലഭ്യമാക്കണം. ക്വാളിറ്റി ഉറപ്പുവരുത്തുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കണം.

ശ്രീ. പി.ടി.എ. റഹീം: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്ന ബഡ്ജറ്റായതുകൊണ്ടാണ് പ്രതിപക്ഷം ഇതിനെ വോട്ടിനുവേണ്ടിയുള്ള ബഡ്ജറ്റ് എന്ന് പറയുന്നത്. ഇസ്രായേലിനെ സഹായിക്കാനുള്ള ബഡ്ജറ്റാണ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന തെങ്കിൽ സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമത്തിനുള്ള ബഡ്ജറ്റാണ് സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. ഈ സർക്കാർ കർഷകരുടെ പെൻഷൻ കുടിശ്ശിക മുഴുവനും കൊടുത്തുതീർത്തു. കൊടുവള്ളി മണ്ഡലത്തിൽ മുൻസിഫ്/മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്ക ണം. അലോപ്പതിയും ഹോമിയോപ്പതിയും കൂടാതെ യുനാനി ചികിത്സാ രീതികൂടി പരിപോഷിപ്പിക്കാൻ നടപടി സ്വീകരിക്കണം. മലബാറിൽ 274 കോടി രൂപയുടെ 98 പാലങ്ങൾക്കും 344 കോടി രൂപയുടെ 205 റോഡുകൾക്കും അനുമതി ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തു. വിഷൻ 2010-ലൂടെ എല്ലാ മണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾക്കായി സംഖ്യ വകയിരുത്തിയിട്ടുണ്ട്. അത് ഓരോ നിയോജക മണ്ഡലത്തിനും 5 കോടി രൂപയായി വർദ്ധിപ്പിക്കണം. പാവപ്പെട്ടവർക്ക് രണ്ട് രൂപ നിരക്കിൽ അരി വിതരണം ചെയ്യാൻ തീരുമാനിച്ചു. പ്രവാസിക്ഷേമപദ്ധതിക്ക് തുക വകയിരുത്തി. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം കൊടുത്തു. മദ്രസാ അധ്യാപകർക്ക് പെൻഷൻ ഏർപ്പെടുത്തി. എല്ലാ മേഖലയ്ക്കും ഗുണപ്രദമായ കാര്യങ്ങൾക്ക് ഊന്നൽ നൽകുന്ന ബഡ്ജറ്റാണ് ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. എ.എ. അസീസ്</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ ഒരുപാട് നിർദ്ദേശങ്ങൾ അടങ്ങിയ ബഡ്ജറ്റാണിത്. യു.ഡി.എഫ്-ന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയും ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗവും തമ്മിൽ യാതൊരു ബന്ധവുമുണ്ടായിരുന്നില്ലെന്ന് മാത്രമല്ല ഖജനാവ് പല പ്രാവശ്യം പൂട്ടിയിടേണ്ട സ്ഥിതിയായിരുന്നു ആ കാലത്ത് ഉണ്ടായിരുന്നത്. ഭരണപരിഷ്കാര മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ച് സെക്രട്ടേറിയറ്റിൽനിന്ന് കൂടുതൽ അധികാരങ്ങൾ ഡയറക്ടറേറ്റുകൾക്ക് വിന്യസിക്കാനും അതുവഴി ഭരണത്തിൽ വേഗത വരുത്താനും കെട്ടിക്കിടക്കുന്ന ഫയലുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പുകല്പിക്കാനും കഴിയണം. സർവ്വീസ് പെൻഷൻകാർക്കുള്ള ഇൻഷ്വറൻസ് സ്കീം ഈ വർഷംതന്നെ ആരംഭിക്കണം. 220 സ്കൂളുകളിൽ നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശം സ്വാഗതാർഹമാണ്. 2005-ൽ സ്വകാര്യ മാനേജ്മെന്റ് നിയമിച്ച എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ റെഗുലറൈസ് ചെയ്തുകൊണ്ട് അവർക്ക് ശമ്പളം കൊടുക്കാനുള്ള സർക്കാരിന്റെ തീരുമാനം സുപ്രധാനമായ ഒന്നാണ്. പ്രവാസി ക്ഷേമനിധിക്കായി ബഡ്ജറ്റിൽ 10 കോടിരൂപ നീക്കിവച്ചതും ഗൾഫിൽനിന്നും മടങ്ങിവരുന്നവർക്ക് വ്യവസായം തുടങ്ങാൻ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 100 കോടി രൂപ ലഭ്യമാക്കിക്കൊണ്ട് പുതിയ പദ്ധതിക്ക് രൂപം കൊടുത്തതും സച്ചാർ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലോളി കമ്മിറ്റി നിർദ്ദേശിച്ച 5,000 വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് കൊടുക്കാനുള്ള പദ്ധതിക്ക് മലപ്പുറത്ത് ഉദ്ഘാടനം കുറിച്ചതും സ്വാഗതാർഹമാണ്. മദ്രസാ അധ്യാപകർക്ക് പെൻഷൻ സ്കീം നടപ്പാക്കി. വിവിധ ക്ഷേമപെൻഷനുകൾ 250 രൂപയായി വർദ്ധിപ്പിച്ചു. പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെ

ടുക്കുന്ന 40 ലക്ഷം തൊഴിലാളികൾക്ക് സംരക്ഷണമേർപ്പെടുത്താനും ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

ശ്രീ. വി.ഡി. സതീശൻ : ബഡ്ജറ്റിനെ എതിർക്കുന്നു. ഭരണഘടന പ്രകാരം അവതരിപ്പിക്കേണ്ട ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന് വിരുദ്ധ മായ ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റിൽ കൃത്യമായ വരവ് ചെലവ് കണക്കു കൾ കാണിച്ചിട്ടില്ല. മാന്ദ്യകാല പാക്കേജായി 10000 കോടി രൂപയാണ് പ്രഖ്യാ പിച്ചിട്ടുള്ളത്. പ്രഖ്യാപിച്ച പുതിയ ചെലവുകൾ 1369 കോടി രൂപയാണ്. അധിക വിഭവ സമാഹരണത്തിനായി 574 കോടി രൂപ നീക്കിവച്ചിട്ടുണ്ടെ ങ്കിലും റവന്യു കമ്മി 3729 കോടി രൂപയിൽനിന്നും 3008 കോടി രൂപയായി കുറയുകയാണ്. അധിക വിഭവ സമാഹരണത്തിലുള്ള 300 കോടിരൂപ മണൽ വ്യാപാരത്തിലൂടെ ലഭിക്കുമെന്ന് പറയുന്നത് പാരിസ്ഥിതികമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്. ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന 10000 കോടിരൂപയുടെ പാക്കേജും, 1500 കോടി രൂപയുടെ മലബാർ പാക്കേജും 250 കോടിരൂപയുടെ ഫുഡ് സബ്സിഡി തുടങ്ങിയ കാര്യങ്ങളുമൊന്നും ഇതിന്റെ പർവ്യൂവിൽ വരുന്നില്ല. ഇതുവരെ പഠനം നടത്താതെ, മണലിന്റെ ക്വാണ്ടം പോലും കണക്കാക്കാത്ത മലമ്പുഴ ഡാമിൽനിന്നും 300 കോടി രൂപയ്ക്കുള്ള മണൽ ലഭിക്കുമെന്ന പ്രഖ്യാപനം നടത്തിക്കൊണ്ട് നികുതിയേതര വരുമാനം വർദ്ധിപ്പിക്കാമെന്ന് പറയുന്നതിൽ യാതൊരു ക്രെഡിബിലിറ്റിയുമില്ല. ലോകം മുഴുവൻ ഭക്ഷ്യസുരക്ഷയെ ക്കുറിച്ച് ആകുലപ്പെടുമ്പോൾ ഭക്ഷ്യോത്പാദനത്തിനായി സംസ്ഥാനം നീക്കി വച്ചിരിക്കുന്നത് വളരെ തുച്ഛമായ തുകയാണ്. ഇക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ കാർഷിക രംഗത്ത് ഉടലെടുക്കാൻ പോകുന്ന ഭയാനകമായ സാഹചര്യത്തെക്കുറിച്ച് ചൂണ്ടിക്കാണിക്കുമ്പോൾപോലും ബഡ്ജറ്റിൽ

കാർഷിക മേഖലയ്ക്ക് വേണ്ടത്ര മുൻഗണന കൊടുത്തിട്ടില്ല. നിലവിലുള്ള കീഴ്വഴക്കങ്ങൾ ലംഘിച്ചുകൊണ്ട് ബഡ്ജറ്റ് ഡോക്യുമെന്റ്സിൽ ഉൾപ്പെടുത്തേണ്ട എല്ലാ വികസന പദ്ധതികളും കൂടി ഒരുമിച്ച് ബഡ്ജറ്റിൽ പരാമർശിച്ചിരിക്കുന്ന വ്യത്യസ്തമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി, എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി എന്നിവ പ്രഖ്യാപനങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുകയാണ്. പാട്ട വാടക വർദ്ധിപ്പിച്ചതിനെ തത്വത്തിൽ അനുകൂലിക്കുന്നുവെങ്കിലും ഇതുമൂലം തോട്ടം മേഖലയിലും നാണ്യവിളകളുടെ കാര്യത്തിലും ഉണ്ടാകാൻപോകുന്ന തകർച്ചയെ മുന്നിൽക്കണ്ടുകൊണ്ടുള്ള ഒരു സമയോചിത ഇടപെടലല്ല ഗവൺമെന്റ് നടത്തിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.യുടെ ഭൂമി ഡിസ്-ഇൻവെസ്റ്റ് ചെയ്യാൻ തീരുമാനിച്ചതും നോർത്ത്-സൗത്ത് ഫ്രണ്ട്ഷിപ്പ് കോറിഡോർ പണിയാൻ തീരുമാനിച്ചതും പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷനെക്കുറിച്ച് പറയുന്നതും പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സ്വകാര്യ നിക്ഷേപങ്ങൾക്ക് വാതിൽ തുറന്നുകൊടുക്കുന്നതും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ബദൽ നയമാണോയെന്ന് വ്യക്തമാക്കണം. തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി മലയാളികൾക്ക് കെ. എഫ്.സി. മുഖേന വായ്പ നൽകുമെന്ന പ്രഖ്യാപനം അവരെ കടക്കെണിയിൽ കൊണ്ടുചെന്നെത്തിക്കും. ലാ ആന്റ് ഓർഡർ സംവിധാനം, കാര്യക്ഷമമായ അഡ്മിനിസ്ട്രേഷൻ നടത്തുന്നതിന് വേണ്ടിവരുന്ന എക്സ്പെൻസ്, സോഷ്യൽ സെക്യൂരിറ്റി ആസ്പെക്റ്റ്, ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് തുടങ്ങിയ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്താണ് കെ.പി.സി.സി. ധനകാര്യ കമ്മീഷനുമുന്നിൽ പാക്കേജ് അവതരിപ്പിച്ചത്. സംസ്ഥാനത്ത് ഏകദേശം 92 ശതമാനത്തോളം തുക ചെല

വഴിക്കുന്നത് ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയവ നൽകുന്നതിനും പലിശയിനത്തിലുമാണെന്നുള്ള കാര്യം ധനകാര്യ കമ്മീഷനു മുമ്പാകെ കൂടുതൽ പണം ആവശ്യപ്പെടുന്നതിനുള്ള മാനദണ്ഡമാക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ധനകാര്യ കമ്മീഷനുമുന്നിൽ ഫലപ്രദമായി അവതരിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

ശ്രീ. സാജു പോൾ :ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാലിത്തീറ്റയ്ക്ക് സബ്സിഡി, പ്രവാസി മലയാളികൾക്കുള്ള ക്ഷേമ പദ്ധതികൾ, ടൂറിസം തുടങ്ങിയ മേഖലകളുടെയെല്ലാം വൈവിധ്യവൽക്കരണം, കാർഷിക പരമ്പരാഗത വ്യവസായങ്ങൾക്ക് സഹായം, സർക്കാർ സർവ്വീസിലെ വനിതാ ജീവനക്കാരുടെ പ്രസവാവധി ദീർഘിപ്പിക്കൽ, നികുതിയേതര വരുമാനത്തിലുള്ള വർദ്ധന, സെറിഫെഡിന്റെ പുനസംഘടന, കെ.എസ്.എഫ്.ഇ. യുടെ വളർച്ച, മണൽക്കൊള്ള തടയൽ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ, പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, അന്യസംസ്ഥാന തൊഴിലാളി ക്ഷേമം, റിട്ടയർ ചെയ്യുന്ന രീതിയിലെ പരിഷ്ക്കരണം തുടങ്ങിയവയെല്ലാം ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള അഭിനന്ദനാർഹമായ നടപടികളാണ്. കഴിഞ്ഞ ധനകാര്യ വർഷം സ്വർണ്ണ വിപണനത്തിൽനിന്നുള്ള നികുതി വരുമാനം 110 കോടി രൂപയാക്കി ഉയർത്താൻ സാധിച്ചു. കോൺസ്റ്റിറ്റ്യൂഷണലായ ചുമതല നിറവേറ്റുമ്പോൾതന്നെ ഫിനാൻസ് ബഡ്ജറ്റ് എന്ന സങ്കൽപ്പത്തെ പ്രോഗ്രാം ബഡ്ജറ്റാക്കി മാറ്റാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞു. ക്ഷീരോൽപാദനം വർദ്ധിപ്പിക്കാൻ അനുയോജ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ തലങ്ങളിലായി അഴിമതിക്കെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചു. ചരിത്രത്തിലാദ്യമായി ബസ് ചാർജ് കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചു. സമ്പൂർണ്ണ നിയമ സാക്ഷരത

നേടാൻ നടപടികൾ സ്വീകരിക്കണം. ഭരണ പരിഷ്ക്കാര നടപടികൾ ശക്തിപ്പെടുത്തുകയും സംസ്ഥാന സിവിൽ സർവ്വീസ് കൊണ്ടുവരികയും ചെയ്യണം. സർക്കാർ ജീവനക്കാരുടെ പുനർവിന്യാസം യാഥാർത്ഥ്യമാക്കണം. അഴിമതി, ധൂർത്ത്, ആർഭാടം എന്നിവ ഒഴിവാക്കി അനാവശ്യ ചെലവുകൾ നിയന്ത്രിക്കണം. സർക്കാർ പരസ്യങ്ങൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. സർക്കാർ പ്രോജക്ടുകൾ വഴിതെറ്റിപോകാതെ ശ്രദ്ധിക്കണം. സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഗവേഷണ കേന്ദ്രങ്ങളുടെയും പ്രവർത്തനം സംയോജിപ്പിക്കണം. തൊഴിലില്ലായ്മ വേതനം അർഹരായവരാണോ നേടുന്നത് എന്ന് വിലയിരുത്തണം. പെൻഷൻ പ്രായത്തിൽ മാറ്റം വേണമോയെന്ന് ഗൗരവമായി ആലോചിക്കണം. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയണം. വൈദ്യുതി, ഫോൺ എന്നിവയുടെ ഉപയോഗം നിയന്ത്രിക്കണം. സർക്കാർ ഓഫീസുകളുടെ പ്രവർത്തന സമയവും പ്രവർത്തി ദിവസവും സംബന്ധിച്ച് ചർച്ച ചെയ്യപ്പെടണം. അനാവശ്യ തസ്തികകൾ നിർത്തലാക്കണം. നിയമ പരിഷ്ക്കരണം യാഥാർത്ഥ്യമാക്കണം. റെയിൽവേ ബഡ്ജറ്റ് മാതൃകയിൽ കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുടെ ബഡ്ജറ്റ് നിയസഭയിൽ ചർച്ച ചെയ്യാൻ അവസരമുണ്ടാക്കണം. സ്വകാര്യ നിക്ഷേപകർക്ക് നിയമ പരിരക്ഷ നൽകുന്ന ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ബിൽ യാഥാർത്ഥ്യമാക്കണം. കർഷകത്തൊഴിലാളികളുടെ അതിവർഷാനുകൂല്യം കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കണം. വില്ലേജ് ഓഫീസർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റ് ആനുകൂല്യം നൽകി അനർഹരെ ഒഴിവാക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, വിവിധ ബോർഡുകൾ എന്നിവയുടെ

ഫണ്ട് ട്രഷറിയിലോ, സഹകരണ ബാങ്കുകളിലോ നിക്ഷേപിക്കാൻ നടപടികൾ സ്വീകരിക്കണം. കാർഷിക സർവ്വകലാശാലയ്ക്ക് ഫണ്ട് അനുവദിക്കണം. സർക്കാർ ചെലവിൽ പഠിച്ചുവരുന്ന ഡോക്ടർമാർക്ക് നല്ല ശമ്പളം നൽകുന്നതോടൊപ്പം നാട്ടിലെ ധർമ്മാശുപത്രികളിൽ നിർബന്ധസേവനം ചെയ്യണമെന്ന് നിഷ്ക്കർഷിക്കുകയും വേണം. പരീക്ഷണാടിസ്ഥാനത്തിൽ പൊതുടാപ്പുകൾ ഒഴിവാക്കി എസ്.സി/എസ്.ടി, ബി.പി.എൽ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളിൽ കുടിവെള്ള വിതരണ സൗകര്യം ഒരുക്കി വെള്ളക്കരം അതാത് പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്ന സംവിധാനം നടപ്പാക്കണം. ഗ്രാമീണ റോഡുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കണം. കയ്യേറ്റങ്ങൾ ഒഴിവാക്കാൻ സർവ്വേ വകുപ്പിനെ ശക്തിപ്പെടുത്തണം. കേരള ഹൗസ്, ട്രാവൻകൂർ ഹൗസ് എന്നിവ പുനരുദ്ധരിച്ച് ആകർഷകമാക്കാൻ നടപടി സ്വീകരിക്കണം. മഹിളാ പ്രദാൻ ഏജന്റുമാരെ സംരക്ഷിക്കണം. ഫൈൻ ആർട്ട്സ് സൊസൈറ്റികൾ, ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകൾ എന്നിവ രജിസ്റ്റർ ചെയ്യാൻ പ്രത്യേക ധനസഹായം നൽകണം. കേരള ഗ്രന്ഥശാല സംഘത്തിന് ഓഫീസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. സ്റ്റേറ്റ് ലൈബ്രറി കൗൺസിലുകളെ ശക്തിപ്പെടുത്തുകവഴി ഗ്രാമീണ വായനശാലകളെ ശക്തിപ്പെടുത്തണം. മരവ്യവസായം നിലനിർത്താൻ ഉദാരമായ നടപടികൾ സ്വീകരിക്കണം. ഖാദി, ഫർണീച്ചർ യൂണിറ്റുകളുടെ നികുതി നിരക്ക് കുറച്ചുകൊണ്ട് പ്രതിസന്ധിയിൽനിന്നും കരകയറ്റാനുള്ള നടപടികൾ സ്വീകരിക്കണം. പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് പുനരുദ്ധരിക്കണം. മലയാറ്റൂർ കോടനാട് പാലവും മിനി സിവിൽ സ്റ്റേഷനും ജുഡീഷ്യൽ കോംപ്ലക്സും പെരുമ്പാവൂർ ബൈപാസും കോടനാട് മൃഗശാല മാറ്റി സ്ഥാപിക്കലും ഉൾപ്പെടെയുള്ള കാര്യങ്ങളും പെരി

യാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ പുനരുദ്ധാരണവും യാഥാർത്ഥ്യമാക്കണം. എറണാകുളം ജനറൽ ആശുപത്രിയിൽ പോലീസ് സർജനെ നിയമക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: ബഡ്ജറ്റിനെ എതിർക്കുന്നു. മലബാർ മേഖലയ്ക്ക് 1500 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചെങ്കിലും ഈ മേഖലയിലെ പിന്നോക്ക ജില്ലകളെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ മാത്രമുള്ള ഒരു ബഡ്ജറ്റാണിത്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നത് അവലോകനം ചെയ്യുന്നതിന് ഒരു നിയമസഭാകമ്മിറ്റിയെ ചുമതലപ്പെടുത്തണം. ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതിയോട് സംസ്ഥാനം തികഞ്ഞ അവഗണനയാണ് കാണിച്ചിട്ടുള്ളത്. കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന് 10 കോടി രൂപ നീക്കിവച്ചതല്ലാതെ യാതൊരു തുകയും ചെലവഴിച്ചില്ല. ഈ ബഡ്ജറ്റിൽ ഇതിലേയ്ക്കായി നീക്കി വച്ച തുക തീരെ അപര്യാപ്തമാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ 15 ഇനപരിപാടി കേരളത്തിൽ നടപ്പിലാക്കിയില്ല. പാലൊളി കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുകയൊന്നും വകയിരുത്തിയിട്ടില്ല. കോടിക്കണക്കിന് രൂപ ലാപ്സാക്കി ന്യൂനപക്ഷങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തി. അലിഗഡ് യൂണിവേഴ്സിറ്റിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കാനോ അതിന് ഫണ്ട് വകയിരുത്താനോ കഴിഞ്ഞിട്ടില്ല. പിന്നോക്ക ജില്ലയായ കാസർഗോഡ് ഒരു ദേശീയ സർവ്വകലാശാല സ്ഥാപിക്കുമെന്ന പ്രതീക്ഷ അസ്ഥാനത്തായിരിക്കുകയാണ്. സംസ്ഥാനത്തെ ആഭ്യന്തര ഉൽപ്പാദനം കുറഞ്ഞു. കാർഷിക മേഖല തകരുകയും റവന്യൂകമ്മി കൂടുകയും ചെയ്തു.

സർക്കാരിന്റെ പൊതു കടം വർദ്ധിച്ചു. കാർഷിക രംഗത്തെ തകർച്ച ഭക്ഷ്യോൽപ്പാദനം കുറയുന്നതിനും സാധനങ്ങളുടെ വില വർദ്ധിക്കുന്ന തിനും കാരണമാകും. അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാൻ സർക്കാർ ദീർഘവീക്ഷണത്തോടെയുള്ള ഒരു പദ്ധതിയും ആസൂത്രണം ചെയ്തിട്ടില്ല. സാമ്പത്തികമാന്ദ്യം നേരിടാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. തൊഴിൽരഹിതരായ ഗൾഫ് മലയാളി കളുടെ കണക്ക് തിട്ടപ്പെടുത്താനോ അവരുടെ പുനർവിന്യാസം സംബന്ധിച്ച് ഒരു കൂടിയാലോചന നടത്താനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇതിലേയ്ക്കായി നീക്കിവച്ച തുക നാമമാത്രമാണ്. പി.എസ്.സി. നിയമനം പുനരാരംഭിച്ച് ഈ മേഖലയിലെ അനശ്ചിതത്വം ഒഴിവാക്കണം. പൊതു മരാമത്ത് വകുപ്പിലെ നിരക്ക് വർദ്ധിപ്പിച്ചതനുസരിച്ച് എം.എൽ.എ. ഫണ്ടും വർദ്ധിപ്പിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന ഫണ്ട് ലാപ്സാക്കാതെ പദ്ധതികൾ നടപ്പിലാക്കാൻ ഉപയോഗിക്കണം. കാർഷിക മേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിന് നാണ്യവിളകൾക്ക് താങ്ങുവില പ്രഖ്യാപിക്കണം. സംസ്ഥാനം കടുത്ത വരൾച്ച നേരിടുമ്പോൾ പമ്പിംഗിന് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി നിയന്ത്രണം പിൻവലിച്ച് കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണണം. തലസ്ഥാന വികസനത്തിന് പ്രത്യേക ഫണ്ട് നീക്കിവയ്ക്കണം. കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ബി.എ. (മ ലയാളം) കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം ദീർഘ കാലത്തെ ആവശ്യമായ. എൻഡോസൾഫാൻ പുനരധിവാസ പദ്ധതിയും ഇൻഡോർ സ്റ്റേഡിയവും സ്വിമ്മിംഗ്പൂളും കാസർഗോഡ് നടപ്പിലാക്കണം.

ശ്രീ. പി. തിലോത്തമൻ: ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. തികച്ചും അസാധാരണമായ ഒരു സാഹചര്യത്തിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി വ്യാവസായിക മേഖലയിൽ ഉൽപാദനവും കയറ്റുമതിയും ഗണ്യമായി കുറഞ്ഞുവെന്നുമാത്രമല്ല വസ്ത്രനിർമ്മാണം, മൽസ്യ സംസ്കരണം, ആട്ടോ മൊബൈൽ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലെ ആയിരക്കണക്കിന് വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടുകയും തൊഴിലാളികൾ തൊഴിൽ രഹിതരാവുകയും ചെയ്തു. കേന്ദ്രത്തോട് പരിമിതവും ന്യായവുമായ ആവശ്യങ്ങളാണ് സംസ്ഥാനം ഉന്നയിച്ചിട്ടുള്ളത്. വിദേശ രാജ്യങ്ങളിൽ പോയി പണിയെടുത്ത് കേന്ദ്ര ഖജനാവിലേക്ക് വിദേശനാണ്യം കൊണ്ടുവരുന്ന ലക്ഷക്കണക്കിനാളുകൾ ഇന്ന് തൊഴിൽ നഷ്ടപ്പെട്ട് നിരാശരായി മടങ്ങി വന്നുകൊണ്ടിരിക്കുകയാണ്. ഇവരുടെ പ്രശ്നങ്ങളിൽ ഗൗരവതരമായ ഇടപെടൽ ഉണ്ടാകണം. സംസ്ഥാനത്തിന് വായ്പയെടുക്കാനുള്ള പരിധി വർദ്ധിപ്പിക്കണമെന്നുള്ള ന്യായമായ ആവശ്യങ്ങളോട് അങ്ങേയറ്റം നിഷേധാത്മകമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിൽ ഒരു റെയിൽവേ സോൺ, പുതിയ റെയിൽവേ ലൈനുകൾ എന്നീ ആവശ്യങ്ങൾ ഭരണ പ്രതിപക്ഷ കക്ഷികൾ ഒന്നിച്ച് ഉന്നയിച്ചുവെങ്കിലും പരിഗണിക്കാൻ കേന്ദ്രം തയ്യാറായിട്ടില്ല. ഐ.ഐ.ടി അനുവദിക്കുന്ന കാര്യത്തിൽ കേരളത്തെ കേന്ദ്രം അവഗണിക്കുകയാണ് ചെയ്തത്. രാജ്യം നേരിട്ടുകൊണ്ടിരിക്കുന്ന ആഗോള സാമ്പത്തിക പ്രതിസന്ധി നേരിടാനായി കേന്ദ്ര ഗവൺമെന്റിന്റെ ഇടക്കാല ബഡ്ജറ്റിൽ ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല. നാണയപ്പെരുപ്പം കുറയ്ക്കാൻ കഴിഞ്ഞുവെങ്കിലും അതിനനുസരിച്ച് വിലക്കയറ്റത്തിന്റെ തോതിൽ യാതൊരു

മാറ്റവും വന്നിട്ടില്ല. പൊതുവിതരണ സമ്പ്രദായത്തിന് 250 കോടി രൂപ സബ്സിഡി നൽകുന്നുണ്ടെങ്കിലും അതിന്റെ ഫലം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ല. സംസ്ഥാന ബഡ്ജറ്റിൽ കാർഷിക മേഖലയിൽ ധാരാളം പാക്കേജുകൾ പ്രഖ്യാപിക്കുകയുണ്ടായി. നെൽകർഷകർക്ക് പലിശ രഹിത വായ്പയും കാർഷിക മേഖലയിൽ 4 ശതമാനം വായ്പ, ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകൾ, നെൽകർഷകരെ നെൽകൃഷിയിലേയ്ക്ക് തിരിച്ചു കൊണ്ടുവരാനുള്ള നടപടികൾ എന്നിവ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളം നെല്ലിന് കിലോഗ്രാമിന് 11 രൂപ താങ്ങുവില നിശ്ചയിച്ചപ്പോൾ കേന്ദ്രം 9 രൂപയിൽ തന്നെ നിൽക്കുകയാണ്. അൻപത് ലക്ഷം ആളുകൾ പണിയെടുത്ത് ജീവിക്കുന്ന പരമ്പരാഗത മേഖല ദുരിതത്തിലാകാതിരിക്കാനും പുന:സംഘടിപ്പിക്കാനും പരിരക്ഷ നൽകാനും ആവശ്യമായ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ ഉണ്ട്. പ്രതിസന്ധിയിലായി ക്കൊണ്ടിരിക്കുന്ന കയർ മേഖലയെ സംരക്ഷിക്കാനാവശ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. കയർ വ്യവസായം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠിക്കാനും ഈ വ്യവസായം പുന:സംഘടിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ അംഗീകരി ക്കുകയും അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തുക അനുവദിക്കുകയും ചെയ്തു. മാർക്കറ്റ് കൺസോർഷ്യത്തിനുവേണ്ടി 10 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. സ്പിന്നിംഗ് മേഖലയിൽ, ഉൽപ്പന്ന നിർമ്മാണ വിഭാഗം മോഡണൈസേഷൻ, വൻകിട യന്ത്രങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കും ആവശ്യമായ തുക നീക്കിവയ്ക്കാൻ സർക്കാർ തയ്യാറായി. കയർ വ്യവസായത്തിന് വിദേശ കയറ്റുമതി ഇല്ലെങ്കിലും ആഭ്യന്തര കമ്പോളം

വികസിപ്പിച്ച് തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് മുന്നോട്ട് പോകുന്ന ഗവൺമെന്റാണിത്. മൽസ്യത്തൊളിലാളികൾക്ക് ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചതും മൽസ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി കടാശ്വാസ കമ്മീഷൻ രൂപീകരിക്കുന്നതിന് പത്ത് കോടി രൂപ നീക്കിവച്ചതും ഈ ഗവൺമെന്റ് കേരളത്തിൽ ഓരോ ജില്ലയിലും ഓരോ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതും സ്വാഗതാർഹമാണ്.

ശ്രീ. വി. ശശികുമാർ: ബഡ്ജറ്റിനെ പിന്താങ്ങുന്നു. ക്ഷേമവികസന ജനപ്രിയ രാഷ്ട്രീയ ബഡ്ജറ്റാണിത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് രണ്ട് രൂപയ്ക്ക് അരി നൽകാനുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. വിവിധ ക്ഷേമപെൻഷനുകൾ 250 രൂപയായി ഉയർത്തി. ബി.പി.എൽ വിഭാഗ ത്തിൽപ്പെട്ട 65 വയസ്സ് കഴിഞ്ഞവർക്ക് പ്രതിമാസം 100 രൂപ അനുവദിച്ചു. വികസന രംഗത്ത് 5000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. ധന സമാഹരണത്തിന് നികുതിയേതര മാർഗ്ഗങ്ങൾ കണ്ടെത്താനാണ് ബഡ്ജറ്റി ലൂടെ തീരുമാനിച്ചിരിക്കുന്നത്. സാമ്പത്തിക മാന്ദ്യം നേരിടാൻ സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഒരു ബദൽ സംവിധാനം പ്രഖ്യാപിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. മാനിഫെസ്റ്റോയിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങളിൽ മിക്കവയും രണ്ടരക്കൊല്ലം കൊണ്ട് നടപ്പിലാ ക്കുകയും അപ്രതീക്ഷിതമായി വന്നുചേർന്ന പ്രതികൂല സാഹചര്യങ്ങളെ മറികടക്കാൻ പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തിരിക്കുന്ന ബഡ്ജറ്റാണിത്. തദ്ദേശീയരായ കോഴി കർഷകർക്ക് നികുതി ഇളവ് നൽകണം. ട്രൈബൽ പോപ്പുലേഷൻ അധികമായുള്ള പഞ്ചായത്തുകളിൽ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസ് തുടങ്ങണം. അങ്ങാടിപ്പുറത്ത് ഒരു

റെയിൽവേ മേൽപ്പാലം അനുവദിക്കണം. മലപ്പുറത്ത് അലിഗഢ് സർവ്വകലാശാല അനുവദിച്ചത് ശ്ലാഘനീയമാണ്. മലബാർ പാക്കേജ് പ്രഖ്യാപിച്ചു. മദ്രസ അദ്ധ്യാപകർക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചു. പരപ്പനങ്ങാടിയിൽ തുറമുഖവും നിലമ്പൂരിൽ ബൈപ്പാസ്സും ഉൾപ്പെടെ മലപ്പുറം ജില്ലയിൽ വൻവികസനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് മതിയായ ഫണ്ട് അനുവദിക്കണം.

<u>ശ്രീ. അടൂർ പ്രകാശ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്താതെ പുതിയ പദ്ധതികളുടെ പ്രഖ്യാപനങ്ങൾ നടത്തിയിരിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളൊരുക്കാനെന്ന പേരിൽ സ്വകാര്യ നിക്ഷേപകരെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. യു.ഡി.എഫ്. ഭരണ കാലത്ത് കേരളത്തിന്റെ സമഗ്ര വികസനത്തിന് എ.ഡി.ബി.യിൽ നിന്നും വായ്പ എടുക്കാൻ തീരുമാനിച്ചപ്പോൾ അതിനെ എതിർത്തവരാണ് ഇപ്പോൾ കടം എടുക്കും എന്നു പറയുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ ബഡ്ജറ്റുകളിലെപ്പോലെ പൊള്ളയായ വാഗ്ദാനങ്ങളുടെ ആവർത്തനമാണ് 2009-2010-ലെ ബഡ്ജറ്റ്. മലബാർ പാക്കേജ് പോലുള്ള പല പദ്ധതികളും യാഥാർത്ഥ്യമാക്കുവാനാവശ്യമായ തുക വകയിരുത്തിയിട്ടില്ല. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിലവസരം നിഷേധിക്കുന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്ര സഹായങ്ങൾ വാങ്ങിക്കൊണ്ട് നെല്ലിന് കിലോഗ്രാമിന് 11 രൂപ താങ്ങുവില നൽകി കർഷകരെ സഹായിക്കുന്നു എന്നു പ്രഖ്യാപിക്കുമ്പോൾ അധികം നൽകുന്ന 2 രൂപയിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബാധ്യത 65 പൈസ മാത്രമാണ്. ഓരോ പദ്ധതിക്കുംവേണ്ടി

യുള്ള തുക അതേ സാമ്പത്തിക വർഷം ചെലവഴിക്കുന്നതിനും പ്രസ്തുത വിഷയം ഡിപ്പാർട്ടുമെന്റുകൾക്ക് അതാത് സമയം പരിശോധിക്കുന്നതിനും അവസരം ഉണ്ടാക്കണം. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ഓരോ വകുപ്പിനും വകയിരുത്തിയതിൽ വളരെക്കുറച്ച് തുക മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

സഭ വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

..........